# കുരിശ്

## സുവിശേഷത്തിലും ഖുർ-ആനിലും

ഇസ്കന്തർ ജദീദ്

പി.ബി. നമ്പർ 45
കായംകുളം-കേരള

**KURISHU - SUVISESHATHILUM QURANILUM**
The Cross in the Gospels and in the Quran
(Malayalam)

by
**Iskander Jadeed**

First impression - September 1978

March 2006 Edition

Copies: 5000

Copy Right : Reserved

Published by
E
P.B. No. 45
Kayamkulam - 690 502
Kerala.
Ph: 0479-2444286

Price Rs. 10/-

Printed at
P.P. George & Sons,
Angamaly - 683 572.
Ph: 0484 - 2456719



## ഉള്ളടക്കം

പേജ്

മുഖവുര

1. കുരിശ് - സുവിശേഷത്തിലും ഖുർ-ആനിലും 4
2. ക്രിസ്തുവിൻെറ ക്രൂശീകരണത്തിന് നമ്മുടെ തെളിവുകൾ 18
   1. പ്രവചനങ്ങൾ 18
   2. മശിഹായുടെ പ്രസ്താവന 24
   3. അപ്പൊസ്തലന്മാരുടെ സാക്ഷ്യങ്ങൾ 25
   4. മശിഹായുടെ മരണത്തോടനുബന്ധിച്ചുള്ള അടയാളങ്ങൾ 26
   5. മശിഹായുടെ ഉയിർത്തെഴുന്നേൽപ്പ് 27
   6. ചരിത്രത്തിൻെറ സാക്ഷ്യം 29
   7. റോമാ ഗവർണ്ണറായിരുന്ന പീലാത്തോസിൻെറ സാക്ഷ്യം 30
   8. ക്രൂശ് എന്ന അടയാളം 30
   9. ക്രിസ്തീയ പിൻതുടർച്ചയുടെയും കാലത്തിൻെറയും സാക്ഷ്യം 31
   10. യെഹൂദ തൽമൂദിൻെറ സാക്ഷ്യം 31
3. ക്രിസ്തു എന്തിന് ക്രൂശിക്കപ്പെട്ടു 33
   1. രക്ഷയുടെ ആവശ്യം 33
   2. യുക്തിപരമായ തെളിവ് 34
   3. ക്രിസ്തുവിൻെറ പാപപരിഹാരയാഗം ന്യായപ്രമാണത്തിൻെറ ആവശ്യം നിറവേറ്റുന്നു 34
   4. പാപപരിഹാരയാഗം മനുഷ്യൻെറ ധാർമ്മികാവശ്യത്തെ നിറവേറ്റുന്നു 35
   5. പാപപരിഹാരത്തിനു ദൈവത്തിൻെറ പദ്ധതി 36

# മുഖവുര

## *ക്രിസ്തുവിൻെറ ക്രൂശീകരണവും*
## *ഇസ്ളാമിൽ അതിൻെറ സ്വാധീനവും*

ഈ വിഷയം മുസ്ലീമിങ്ങളുടെ ഇടയിൽ മറ്റേതു വിഷയത്തേക്കാളും വിവാദങ്ങൾ ഉയർത്തുന്ന ഒന്നാണ്. സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുന്നതിനുമുമ്പുള്ള യേശുവിൻെറ മരണത്തെപ്പറ്റി ഖുർ-ആൻ പരാമർശിക്കുന്നുണ്ടെങ്കിലും ആലു-ഇംറാൻ സൂറായിലെ 55 -ാം വാക്യത്തിലെ 'ഇന്നീ മുത്തവഫീക്ക' എന്നതിൻെറ വ്യാഖ്യാനത്തിൽ പ്രഗത്ഭരായ മുസ്ലീം പണ്ഡിതന്മാർ വ്യത്യസ്താഭിപ്രായക്കാരാണ്. ഈ പദം മരണത്തെ ധ്വനിപ്പിക്കുന്നില്ല എന്നു ചിലർ പറയുന്നു. മറ്റു ചിലർ യേശു യഥാർത്ഥത്തിൽ മരണമടഞ്ഞു എന്നു തന്നെ ഊന്നിപ്പറയുന്നു. ഇമാം ത്ഥ്വബരി, ഇമാം സമഖ്ശരി തുടങ്ങിയ പ്രഗത്ഭരായ മുസ്ലീം പണ്ഡിതന്മാരും വ്യാഖ്യാതാക്കളും ഇതിനെ പല വിധത്തിൽ വിശദീകരിക്കുന്നു.

ചിലർ ഈ പദത്തെ വ്യാഖ്യാനിക്കുന്നത് ഇങ്ങനെയാണ്.

(1) **ഉറക്കം:** 'ഇന്നീ മുത്തവഫീക്ക' എന്നാൽ മരണത്തിനു തുല്യമായ ഒരു ഉറക്കത്തിനു വിധേയമാക്കിയെന്നും ആ അവസ്ഥയിൽ ഉയർത്തപ്പെട്ടു എന്നും (അബ്ദുള്ള ഇബ്നുജഅ്ഫർ, അൽറബിഅ എന്നിവരെ ഉദ്ധരിച്ചുകൊണ്ട്) മുസന്നാ പ്രസ്താവിക്കുന്നു.

(2) **പൂർത്തീകരണം (നിവൃത്തി):** ഈ ലോകത്തിലെ ദൗത്യപൂർത്തീകരണത്തിനുശേഷം യേശു ഉയർത്തപ്പെട്ടു എന്നും മരണമല്ല അതുകൊണ്ടുള്ള വിവക്ഷ എന്നും ഇബ്നുറബീ അ, മനാറുൽ വറഖ് എന്നിവർ വഴി അലീ-ബിൻ -സുഹയിൽ പ്രസ്താവിക്കുന്നു.

(3) **സംരക്ഷണത്തിൽ കൊണ്ടുവരിക:** 'ഇന്നീ മുത്തവഫീക്ക' എന്നാൽ 'നിന്നെ എൻെറ ഉടമയിലാക്കും' എന്നും, മശിഹാ മരിച്ചിട്ടില്ല, മശിഹാ ദജ്ജാലിനെ (അന്തിക്രിസ്തു) വധിക്കുന്നതുവരെ മരിക്കുകയില്ല എന്നാണർത്ഥ

മെന്നും ഇബ്നു വഹാബ്, ഇബ്നു സൈദ് എന്നിവരെ ഉദ്ധരിച്ചുകൊണ്ട് യൂനുസ് പറയുന്നു.

(4) മറിയമിൻെറ മകൻ ഈസ ഇറങ്ങിവരുമെന്നും മസിഹ ദജ്ജാലിനെ (എതിർക്രിസ്തു) വധിച്ച്, ഭൂമിയിൽ കുറെക്കാലം അധിവസിക്കുമെന്നും പിന്നീട് മരിക്കുമെന്നും മുസ്ലീംകൾ അദ്ദേഹത്തെ അനുഗ്രഹിക്കുമെന്നും മുഹമ്മദ് പറഞ്ഞതായി ഒരു പാരമ്പര്യത്തെ ഉദ്ധരിച്ചുകൊണ്ട് അബൂജഅ്ഫർത്വബരി റിപ്പോർട്ട് ചെയ്യുന്നു.

യഥാർത്ഥ മരണം എന്നർത്ഥമാക്കുന്ന വ്യാഖ്യാതാക്കളും നിരവധി വ്യാഖ്യാനങ്ങൾ നിരത്തിവെയ്ക്കുന്നു.

(1) ‘ഇന്നീ മുത്തവഫീക്ക’ എന്നാൽ ‘ഞാൻ നിന്നെ മരിപ്പിക്കും’ എന്നാണെന്ന് അബ്ദുല്ലാഇബ്ന് സാലിഹ്, അലിയ്യുബ്ന് അബ്ബാസ് എന്നിവരെ ഉദ്ധരിച്ചുകൊണ്ട് മൂസന്ന വ്യക്തമാക്കുന്നു.

(2) അല്ലാഹു മൂന്നു മണിക്കൂർ സമയത്തേക്ക് മറിയമിൻെറ മകൻ ഈസായെ മരിപ്പിച്ചു എന്നും തുടർന്ന് ആകാശത്തിലേക്ക് ഉയർത്തി എന്നും സൽമ ഇബ്നു ഇസ്ഹാക്ക്, വഹാബ് - ബിൻ മുനബ്ബിഹ് എന്നിവരെ ആധാരമാക്കി ഇബ്നു ഹാമിദ് പ്രസ്താവിച്ചിരിക്കുന്നു (ജാമി-അൽ-ബയാൻ 3: 289-292).

ഇമാം റാസിയുടെ വ്യാഖ്യാനത്തിൽനിന്നുള്ള ഒരു ഉദ്ധരണി താഴെപറയും പ്രകാരമാണ്. ‘ഈസായേ! നിനക്കു ഞാൻ പൂർത്തിയാക്കിത്തരികയും എൻെറ അടുക്കലേക്കു നിന്നെ ഉയർത്തുകയുമാണ്’ എന്ന് അല്ലാഹു പറഞ്ഞപ്പോൾ അദ്ദേഹത്തെ അല്ലാഹു ഉന്നതനാക്കുകയും മഹത്വപ്പെടുത്തുകയുമായിരുന്നു. ഒന്നാമതായി, ‘ഇന്നീ മുത്തവഫീക്ക’ എന്നു പറഞ്ഞ് ഉയർത്തിയപ്പോഴും പിന്നീട് എന്നെ (ഈസായെ) നീ നിന്നിലേക്ക് എടുക്കുകയും എൻെറമേൽ നീ സംരക്ഷണാധികാരിയാവുകയും ചെയ്തപ്പോൾ, എന്ന് ഈസാ പറഞ്ഞപ്പോഴും ഈ മഹത്വപ്പെടുത്തൽ വെളിപ്പെട്ടു.

ഈ രണ്ടു വാക്യങ്ങളെ വ്യത്യസ്തങ്ങളായ രണ്ടുവിധത്തിലാണ് വ്യാഖ്യാതാക്കൾ വിശദീകരിക്കുന്നത്. ചിലർ അക്ഷരാർത്ഥത്തിലും മറ്റു ചിലർ വ്യംഗ്യാർത്ഥത്തിലും.



ഒന്നാമതായി, ‘മുത്തവഫീക്ക’ എന്നാൽ നിൻെറ ജീവിതം ഞാൻ പൂർത്തിയാക്കിയിരിക്കുന്നു. നിന്നെ വധിക്കുവാൻ അവരെ ഞാൻ അനുവദിക്കുകയില്ല. അതിനാൽ നിന്നെ ഞാൻ (അല്ലാഹു) സ്വർഗ്ഗത്തിലേക്കുയർത്തും. മലക്കുകൾക്കിടയിൽ നിന്നെ നിയോഗിക്കും. അവർക്കു കൊല്ലുവാൻ സാദ്ധ്യമല്ലാത്തവിധം നിന്നെ ഞാൻ സംരക്ഷിക്കുകയും ചെയ്യും.

രണ്ടാമതായി, ‘മുത്തവഫിക്ക’ എന്നാൽ ഞാൻ നിന്നെ മരിപ്പിക്കും എന്നർത്ഥം. ഇബ്നു-അബ്ബാസിനെയും ഹാമിദ് ഇബ്ൻ ഇസ്ഹാക്കിനെയും അടിസ്ഥാനമാക്കിയാൽ യെഹൂദികൾക്കു (ശത്രുക്കൾക്കു) അദ്ദേഹത്തെ കൊല്ലുവാൻ അനുവാദം നല്കാതെ അല്ലാഹു അദ്ദേഹത്തെ ആദരിക്കുകയും സ്വർഗ്ഗത്തിലേക്ക് ഉയർത്തുകയും ചെയ്തു എന്നാണ് വിവക്ഷ. ഇവിടെയും വ്യത്യസ്തങ്ങളായ മൂന്നു ആശയങ്ങളിൽ എത്തിച്ചേരുന്നുണ്ട്.

(1) വഹാബു പറഞ്ഞു: മൂന്നുമണിക്കൂർ നേരം മരിച്ച അവസ്ഥയിലായിരുന്നു. പിന്നീട് ഉയർത്തപ്പെട്ടു.

(2) മുഹമ്മദ് - ഇബ്ൻ ഇസ്ഹാക്ക് പറഞ്ഞു : ഏഴു മണിക്കൂർ മരണം നീണ്ടുനിന്നു. പിന്നീട് ജീവൻ നൽകി ആകാശത്തിലേക്ക് ഉയർത്തി.

(3) റബ്ബീ അ്ഇബ്ൻ അനസ് പറഞ്ഞു: അല്ലാഹു അദ്ദേഹത്തെ മരിപ്പിച്ചു. പിന്നീട് സ്വർഗ്ഗത്തിലേക്കുയർത്തി. അല്ലാഹു മരണസമയത്ത് ആത്മാവുകളെ ഒന്നിച്ചു കൂട്ടുന്നു. ഉറക്കത്തിൽ അവ മരണമടയുകയില്ല.

ഈസാ നബിയുടെ അന്ത്യനിമിഷങ്ങളെക്കുറിച്ച് മുസ്ലീം മതതത്വവിചക്ഷണന്മാർ മേൽപ്പറഞ്ഞ വിധത്തിൽ വിവിധ അഭിപ്രായക്കാരാണ്. പ്രസ്തുത വിഷയത്തിൽ ഖുർ-ആൻ വ്യാഖ്യാതാക്കളുടെ നിഗമനങ്ങൾ വ്യത്യസ്തങ്ങളായിരിക്കുന്നതുകൊണ്ട് സത്യാന്വേഷിയായ ഒരു ഋജ്ജുബുദ്ധിക്കു വ്യാഖ്യാനങ്ങൾ ആവശ്യമില്ലാത്ത സുവിശേഷഗ്രന്ഥത്തിലെ വിവരണങ്ങളെതന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. യേശുവിൻെറ ജനനം, മരണം, ഉയിർത്തെഴുന്നേല്പ്, സ്വർഗ്ഗാരോഹണം, വീണ്ടുംവരവ് എന്നിവയെപ്പറ്റി പരസ്പര വൈരുദ്ധ്യങ്ങളൊന്നും ഇല്ലാത്ത വിവരണമാണ് അവിടെ കാണുന്നത്.

1

# കുരിശ്-സുവിശേഷത്തിലും ഖുർ-ആനിലും

അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ എഴുതുന്നു: "യെഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കുകയും ചെയ്യുന്നു; ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു; യെഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്കു ഭോഷത്തവുമെങ്കിലും യെഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവർക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെതന്നെ" (1 കൊരി. 1:22-24). അപ്പോസ്തലൻ തുടർന്ന് പറയുന്നു: "ഞാനും, സഹോദരന്മാരെ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിൻെറയോ ജ്ഞാനത്തിൻെറയോ വൈഭവം കൂടാതെ യത്രെ ദൈവത്തിൻെറ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നത്. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു"(1 കൊരി. 2:1-2).

അപ്പോസ്തലന്മാരുടെ വചനങ്ങൾ പൊതുവായി നാം പരിശോധിച്ചാൽ ക്രിസ്തുമാർഗ്ഗത്തിൻെറ വളർച്ചയുടെ ആരംഭം മുതൽക്കുതന്നെ അവർ അറിയിച്ച 'ഇഞ്ചീൽ' (സുവിശേഷം) ജനങ്ങൾ വിശ്വസിച്ചു സ്വീകരിക്കുകയും അതുമൂലം ആത്മരക്ഷനേടുകയും ചെയ്തുപോന്നിട്ടുള്ളതായി കാണാൻ കഴിയും. സന്തോഷം പകരുന്ന ഈ സുവിശേഷത്തെ പൗലോസ് അപ്പോസ്തലൻ ക്രോഡീകരിക്കുന്നത് ഇപ്രകാരമാണ്: "എന്നാൽ സഹോദരന്മാരെ, ഞാൻ നിങ്ങളോട് സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നുവരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോട് സുവിശേഷിച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർ



പ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു (1 കൊരി. 15:1-4).


ഇപ്രകാരം ലോകം മുഴുവൻ സുവിശേഷം പ്രചരിപ്പിക്കാൻ ആരംഭിച്ചെങ്കിലും ഏകദേശം അഞ്ഞൂറിൽപരം വർഷങ്ങൾക്കുള്ളിൽ ക്രിസ്ത്യാനികളെ മാർഗ്ഗഭ്രംശം സംഭവിച്ചവരെന്നു മുദ്രകുത്തി ഈ സത്യത്തെ ഖണ്ഡിക്കുവാൻ ചിലർ മുതിർന്നു. ഈ ഖണ്ഡനത്തിനുള്ള ആശയം അവർക്കു ലഭിച്ചത് ഒരുപക്ഷെ അന്നത്തെ പാഷണ്ഡവാദികളിൽ നിന്നാവാം. അവർ ക്രിസ്തുമാർഗ്ഗത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട യെഹൂദന്മാരിൽപ്പെട്ടവർ ആയിരുന്നിരിക്കണം. ഈ യഹൂദന്മാരാകട്ടെ 'മശീഹാ മരിക്കുകയില്ല' എന്ന തങ്ങളുടെ പൂർവ്വികന്മാരുടെ വിശ്വാസം കാത്തുസൂക്ഷിച്ചു പോരുന്നവരുമാകാം. ഈ വസ്തുതയെ തൻെറ സുവിശേഷത്തിൽ പരാമർശിക്കുന്ന സുവിശേഷ എഴുത്തുകാരിൽ ഒരാളായ വിശുദ്ധയോഹന്നാനോടു നാം വളരെ കടപ്പെട്ടവരാണ്. ക്രിസ്തുവുമായി വിവാദത്തിലേർപ്പെട്ട പരീശന്മാരുടെ വാക്കുകളിലൂടെ യോഹന്നാൻ അതു വെളിപ്പെടുത്തുന്നു. "പുരുഷാരം അവനോട്: ക്രിസ്തു എന്നേക്കും ഇരിക്കും എന്നു തങ്ങൾ ന്യായപ്രമാണത്തിൽ വായിച്ചു കേട്ടിരിക്കുന്നു; പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടതെന്ന് നീ പറയുന്നതെങ്ങനെ? ഈ മനുഷ്യപുത്രൻ ആർ എന്നും ചോദിച്ചു" (യോഹ. 12:34).

ഈ വിരുദ്ധോപദേശം അറേബ്യൻ ഉപദ്വീപിലെ ക്രിസ്ത്യാനികളുടെ ഇടയിൽ പരക്കെ പ്രചരിച്ചിരുന്നതായി ചരിത്രകാരന്മാർ നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വരൂപം വെടിഞ്ഞു മറ്റൊരു രൂപം പ്രാപിപ്പാൻ കഴിവുള്ളവനാണു മശിഹാ. ശത്രുക്കൾ പിടികൂടാൻ വന്നപ്പോൾ അദ്ദേഹം തൻെറ രൂപസാദൃശ്യം മറ്റൊരാളിലേക്കു പകർന്നു, അയാൾ പകരം ക്രൂശിക്കപ്പെടുകയും ഉണ്ടായി. മശിഹാ ആകട്ടെ എതിരാളികളെ ലജ്ജിപ്പിച്ചുകൊണ്ടുതന്നെ അയച്ചവങ്കലേക്ക് ഉയർത്തപ്പെട്ടു.

ഈ കഥയോട് യോജിക്കുന്ന വിധത്തിലാണ് വിശുദ്ധ ഖുർ-ആനിൽ ക്രിസ്തുവിൻെറ അന്ത്യദിവസങ്ങളെക്കുറിച്ച് വി

വരിക്കുന്നത്. ഈ വിവരണം യെഹൂദന്മാരുടെ പൊതുനിലപാടിനു വിരുദ്ധവുമാണ്. വിശുദ്ധ ഖുർ ആനിൽ അത് ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അവർ പറയുന്നത്: 'അള്ളാഹുവിൻെറ ദൂതനായ മറിയമിൻെറ മകൻ മസീഹ് ഈസായെ ഞങ്ങൾ (യെഹൂദന്മാർ) കൊന്നുകളഞ്ഞു' എന്നാണ്. വാസ്തവത്തിൽ അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല. അദ്ദേഹത്തെ ക്രൂശിച്ചിട്ടുമില്ല. അവർക്ക് അപ്രകാരം തോന്നുക മാത്രമാണ് ഉണ്ടായത്. ഈ കാര്യത്തിൽ ഭിന്നാഭിപ്രായമുള്ളവർ അതിനെക്കുറിച്ച് സംശയത്തിലാണിരിക്കുന്നത്. ഊഹത്തെ പിൻതുടരുകയല്ലാതെ അവർക്ക് അതിനെക്കുറിച്ച് യാതൊരു ജ്ഞാനവുമില്ല. അവർ അദ്ദേഹത്തെ വധിച്ചിട്ടില്ലെന്നുള്ളത് ഉറപ്പാണ്. പിന്നെയോ അല്ലാഹു അദ്ദേഹത്തെ തൻെറ അടുക്കലേക്ക് ഉയർത്തുകയാണുണ്ടായത്. അല്ലാഹു സർവ്വരേയും വിജയിക്കുന്നവനും തികഞ്ഞ തന്ത്രജ്ഞനുമാകുന്നു' (സൂറാ. 4:157,158).


وَقَوْلِهِمْ إِنَّا قَتَلْنَا الْمَسِيحَ عِيسَى ابْنَ مَرْيَمَ رَسُولَ
اللَّهِ وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ وَإِنَّ الَّذِينَ
اخْتَلَفُوا فِيهِ لَفِي شَكٍّ مِّنْهُ مَا لَهُم بِهِ مِنْ عِلْمٍ إِلَّا اتِّبَاعَ
الظَّنِّ وَمَا قَتَلُوهُ يَقِينًا بَلْ رَفَعَهُ اللَّهُ إِلَيْهِ وَكَانَ اللَّهُ عَزِيزًا
حَكِيمًا

ക്രിസ്ത്യാനിത്വത്തോട് ഒട്ടിച്ചേർന്നു നിലകൊണ്ട വിരുദ്ധോപദേശകരുടെ വാദഗതികളിൽനിന്നും നമുക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നത്, അവരുടെ വീക്ഷണത്തിൽ കുരിശ് ഒരു ചരിത്ര സംഭവമോ രക്ഷയുടെ പ്രമാണമോ അല്ല, മറിച്ച് അതൊരു അടയാളം മാത്രമാണ്. വിദ്വാന്മാരെ യേശുവിൻെറ ജനനസ്ഥലമായ ബേത്‌ലഹേമിലെ പുൽക്കുടിലിലേക്കു നയിച്ച നക്ഷത്രത്തെപ്പോലെയോ യോർദ്ധാൻ നദിയിൽ സ്നാനാഭിഷിക്തനായപ്പോൾ യേശുവിൻെറമേൽ പകരപ്പെട്ട പരിശുദ്ധാത്മാവിനെക്കുറിക്കുന്ന പ്രാവിനെപ്പോലെയോ ഒരു പ്രതീകം മാത്രമാണ് കുരിശ്. രക്ഷയുടെ അൾത്താരയും ലോക



ത്തിൻെറ പാപപരിഹാരത്തിനായി യാഗമാക്കപ്പെട്ട ദൈവകുഞ്ഞാടുമായവനെ ക്രൂശിച്ച ആ വലിയ മരക്കുരിശ് അവരെ സംബന്ധിച്ചിടത്തോളം യാതൊരു പ്രാധാന്യവുമുള്ളതല്ല. പൗലോസ് അപ്പോസ്തലൻ ഗലാത്യയിലെ ജനങ്ങളോട് വിളിച്ചറിയിച്ച ആ സത്യത്തെ അവർ തള്ളിക്കളഞ്ഞു. "മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്നെഴുതിയിരിക്കുന്നതു പോലെ ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിൻെറ ശാപത്തിൽനിന്നും നമ്മെ വിലയ്ക്കുവാങ്ങി. അബ്രഹാമിൻെറ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു വരേണ്ടതിനു നാം ആത്മാവെന്ന വാഗ്ദത്ത വിഷയം വിശ്വാസത്താൽ പ്രാപിപ്പാൻതന്നെ" (ഗലാ. 3:13,14).

ഒരുപക്ഷെ ക്രൂശിനെ ഏറ്റവും വിചിത്രമായി ഖണ്ഡിക്കുന്നത് വിരുദ്ധോപദേശകർ യോഹന്നാൻെറ പേരിൽ എഴുതിയ വ്യാജ സുവിശേഷത്തിലാണ്. അത് ഇപ്രകാരമാണ്: 'നിനക്കു മുന്നിൽ നീ കാണുന്ന ഈ പ്രകാശമുള്ള കുരിശ് നീ ഭൂമിയിലേക്ക് തിരിച്ചുവരുമ്പോൾ കാണുന്ന മരക്കുരിശല്ല. നീ ഇപ്പോൾ കേൾക്കുകയും എന്നാൽ കാണുന്നില്ലാത്തതുമായ ആ കുരിശിൽ ഞാനായിരുന്നില്ല. എന്നെ അവർ അവനല്ലാത്ത ആരോ ആണെന്നു ധരിച്ചു. ആ സമയത്ത് ഞാൻ ഭൂരിപക്ഷക്കാർക്കിടയിൽ ഒരാളായിരുന്നില്ല.'

ഇസ്ലാമിൻെറ കളിത്തൊട്ടിലായ അറേബ്യൻ ഉപദ്വീപിൽ ചിന്നിച്ചിതറിപാർത്തിരുന്ന വിരുദ്ധവാദികളുടെ ഉപദേശത്തിൽ നിന്നാണ് ഇസ്ലാം ക്രൂശീകരണത്തെക്കുറിച്ച് പാരമ്പര്യം കടമെടുത്തിട്ടുള്ളതിന് സംശയമില്ല. മശിഹായുടെ സ്ഥാനത്ത് വേറൊരാൾ ക്രൂശിക്കപ്പെടാൻ ഇടയായത് എങ്ങനെയാണെന്ന കാര്യത്തിൽ മുസ്ലീം തത്വശാസ്ത്രജ്ഞന്മാർതന്നെ ഭിന്നാഭിപ്രായക്കാരാണെന്ന വസ്തുത വേദനാജനകമത്രെ. മശീഹായുടെ രൂപസാദൃശ്യം മറ്റൊരാളിലേക്കു പകരുന്നതിനെ സംബന്ധിച്ച് നിരവധി കഥകൾ നിലവിലുണ്ട്.

(a) യെഹൂദന്മാർ ഈസായെ കൊല്ലുവാനായി തീരുമാനിച്ചപ്പോൾ അല്ലാഹു അദ്ദേഹത്തെ സ്വർഗ്ഗത്തിലേക്ക് ഉയർത്തി. ജനങ്ങൾ തങ്ങളുടെ നേരെ ഇളകുമെന്നു ഭയന്നു യെഹൂദ

നേതാക്കൾ മറ്റൊരാളെ പിടിച്ചുകൊന്നു. തങ്ങൾ ക്രൂശിച്ചത് ഈസായെ തന്നെയാണെന്നു പറഞ്ഞ് അവർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു.

(b) അല്ലാഹു ഈസായുടെ രൂപസാദൃശ്യം മറ്റൊരാൾക്ക് നൽകുകയും അയാൾ ഈസാക്കു പകരമായി ക്രൂശിക്കപ്പെടുകയും ചെയ്തു.

ഈ കഥയ്ക്കു തന്നെ പല വകഭേദങ്ങൾ ഉണ്ട്.

(1) ഈസാ ഉണ്ടായിരുന്ന വീട്ടിൽ അദ്ദേഹത്തെ ബന്ധിക്കുകയെന്ന ഉദ്ദേശ്യത്തോടെ യെഹൂദിയായ തെയ്ത്താവൂസ് (യൂദാസ്) പ്രവേശിച്ചെങ്കിലും അദ്ദേഹം അവിടെ ഉണ്ടായിരുന്നില്ല. അല്ലാഹു അയാൾക്ക് ഈസായുടെ രൂപസാദൃശ്യം നൽകുകയും അയാൾ പുറത്തുവന്നപ്പോൾ ജനങ്ങൾ ഈസായെന്നുകരുതി പിടികൂടി ക്രൂശിക്കുകയും ചെയ്തു.

(2) യെഹൂദന്മാർ ഈസായെ ബന്ധിച്ച് ഒരു കാവൽക്കാരനെ ഏർപ്പെടുത്തി. ഈസാ അത്ഭുതകരമായി സ്വർഗ്ഗത്തിലേക്ക് ഉയർത്തപ്പെടുകയും ദൈവം പാറാവുകാരന് ഈസായുടെ രൂപസാദൃശ്യം നൽകുകയും ചെയ്തു. യെഹൂദികൾ ഈസാ എന്നു കരുതി പാറാവുകാരനെപിടിച്ചു ക്രൂശിച്ചു. 'ഞാൻ ഈസാ അല്ലാ, ഞാൻ ഈസാ അല്ല' എന്ന് അയാൾ നിലവിളിക്കുന്നുണ്ടായിരുന്നു.

(3) ഈസാ തൻെറ അനുയായികളിൽ ഒരാൾക്ക് സ്വർഗ്ഗം വാഗ്ദാനം ചെയ്യുകയും അയാൾ ഈസായ്ക്കു പകരമായി മരിക്കാമെന്നു സ്വയം സമ്മതിക്കുകയും ചെയ്തു. അല്ലാഹു അയാൾക്ക് ഈസായുടെ രൂപസാദൃശ്യം നൽകി. യെഹൂദികൾ അയാളെ പിടിച്ചു ക്രൂശിച്ചു. ഈസാ ആകാശത്തിലേക്ക് ഉയർത്തപ്പെട്ടു.

(4) ഈസായുടെ ശിഷ്യന്മാരിലൊരാളായ യൂദാസ് (തെയ്ത്താവൂസ്) അദ്ദേഹത്തെ ഒറ്റിക്കൊടുക്കുവാൻവേണ്ടി യെഹൂദന്മാരോടൊത്തു വരികയും ഈസായെ പിടിക്കുവാൻ വേണ്ടി പ്രവേശിച്ചപ്പോൾ അയാൾക്കു ദൈവം ഈസായുടെ രൂപം നൽകുകയും ചെയ്തു. അയാളെ അവർ പിടിച്ചു ക്രൂശിച്ചു.



ഖുർ-ആൻ വ്യാഖ്യാതാക്കളിൽ ചുരുക്കം ചിലർ മാത്രമേ ഈ കഥയോട് യോജിക്കുന്നുള്ളൂ. ഖുർ-ആൻ വ്യാഖ്യാനമായ ജലാലൈനി ഇപ്രകാരം പറയുന്നു: 'ശുബ്ബിഹലഹും' (അവർക്ക് അങ്ങനെ കാണപ്പെട്ടു). കൊല്ലപ്പെട്ടത് ഈസായുടെ അനുയായി ആയിരുന്നു. മരിച്ചവൻെറമേൽ ദൈവം ഈസായുടെ രൂപസാദൃശ്യം തോന്നിപ്പിച്ചു. യെഹൂദികൾ അദ്ദേഹം ഈസായാണെന്നു കരുതി അവനെ വധിക്കുകയും ക്രൂശിക്കുകയും ചെയ്തു. 'വ ഇന്നല്ലദീന ഖ്തലഫൂ ഫീഹി ലഫീശക്കിൻ മിൻഹു' (അദ്ദേഹത്തിൻെറ കാര്യത്തിൽ ഭിന്നാഭിപ്രായമുള്ളവർ അതിനെക്കുറിച്ച് സംശയത്തിലാണിരിക്കുന്നത്) (അതായത് ഈസായുടെ മരണത്തെക്കുറിച്ച്). കാരണം, ചിലർ കൊല്ലപ്പെട്ട ആളെ കണ്ടശേഷം അയാളുടെ മുഖം ഈസായുടേതാണ്, ശരീരം ഈസായുടേതല്ല എന്നു പറഞ്ഞു. മറ്റു ചിലർ ആകട്ടെ മരിച്ചയാൾ ഈസായാണെന്നും പറഞ്ഞു. (ജലാലൈനി വ്യാഖ്യാനം, പേജ് 135).

**ഇമാം ബൈളാവി പറയുന്നു:** 'ഒരു കൂട്ടം യെഹൂദന്മാർ ഈസായെയും തൻെറ മാതാവിനെയും പിടിച്ചു. ഈസാ അവരെ ശപിച്ചു. അന്നേരം അവർ കുരങ്ങന്മാരും പന്നികളുമായി മാറി. അങ്ങനെ യെഹൂദന്മാർ ഒരുമിച്ചുകൂടി അദ്ദേഹത്തെ വധിക്കുവാൻ ആലോചിച്ചു. എന്നാൽ ദൈവം അദ്ദേഹത്തെ സ്വർഗ്ഗത്തിലേക്ക് ഉയർത്തുമെന്ന് അദ്ദേഹത്തെ അറിയിച്ചു. ഈസാ തൻെറ അനുയായികളോട് ചോദിച്ചു: 'എൻെറ രൂപസാദൃശ്യം സ്വീകരിച്ചു ക്രൂശിക്കപ്പെട്ടു മരിക്കുവാനും സ്വർഗ്ഗത്തിൽ പ്രവേശിക്കുവാനും നിങ്ങൾ ആർക്കെങ്കിലും ഒരുക്കമുണ്ടോ? അവരിൽ ഒരാൾ സമ്മതംമൂളി. അല്ലാഹു അയാൾക്ക് ഈസായുടെ രൂപം കൊടുക്കുകയും അയാളെ ക്രൂശിച്ചുകൊല്ലുകയും ചെയ്തു.

**ഇമാം സമഖ്ശരി പറയുന്നു:** 'ശുബ്ബിഹലഹും' (അവർക്ക് ഇങ്ങനെ കാണപ്പെട്ടു) എന്നതിന് അവർക്ക് അങ്ങനെ തോന്നി അഥവാ അവർ അപ്രകാരം തെറ്റിദ്ധരിക്കപ്പെട്ടു എന്നെല്ലാമാണ് അർത്ഥം. അതായത് ഈസായെ വധിക്കുകയും ക്രൂശിക്കുകയും ചെയ്തു എന്നും ഈസാ മരിച്ചു ജീവനോടെ ശേഷിച്ചിട്ടില്ല എന്നും അവർക്കുതോന്നി. യഥാർത്ഥത്തിൽ അദ്ദേഹം ജീവനോടെ അല്ലാഹുവിങ്കലേക്ക് ഉയർത്തപ്പെടുകയാണുണ്ടായത്.

ഈസാമിശിഹായുടെ ഇഹലോകജീവിതാന്ത്യത്തെക്കുറിച്ച് വിശുദ്ധ ഖുർ-ആനിൽ വ്യക്തമായ വാക്കുകൾ ഇല്ലാത്തതിനാലാണ് മേൽപറയപ്പെട്ട പണ്ഡിതന്മാരുടെ വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടായത്. ഇമാം ഫക്റുദ്ദീൻ റാസിയെപ്പോലുള്ള ഒരു പണ്ഡിതൻ ഈ കഥ തെളിവുകളുടെ അടിസ്ഥാനത്തിൽ പൂർണ്ണമായും നിരാകരിച്ചിരിക്കുകയാണ്. ഖുർ-ആൻ 3:55 ൻെറ വ്യാഖ്യാനത്തിൽ ('ഓ മറിയയുടെ മകനായ ഈസാ, ഞാൻ നിനക്കു പൂർത്തിയാക്കിതരികയും എൻെറ അടുക്കലേക്ക് നിന്നെ ഉയർത്തുകയും ചെയ്യും'). അദ്ദേഹം ഈസായുടെ 'രൂപസാദൃശ്യപ്പെടുത്തൽ' പലവിധത്തിൽ വിശദീകരിക്കുന്നുണ്ട്.

1. അല്ലാഹു ഒരാളുടെ സാദൃശ്യം മറ്റൊരാൾക്കു നൽകി എന്നു പറയുന്നത് അംഗീകരിക്കുന്നെങ്കിൽ അപവാദത്തിൻെറ വാതിൽ തുറന്നിടുകയാണ് ചെയ്യുന്നത്. വിദഗ്ദമായ ഒരു ന്യായവാദത്തിലേക്ക് ഇതു നയിക്കുകയും അവസാനം പ്രവചനങ്ങളെ നിരർത്ഥകമാക്കേണ്ടിവരികയും ചെയ്യും.

2. അല്ലാഹു ഈസായെ തൻെറ പരിശുദ്ധാത്മാവിനെ (റൂഹുൽ-ഖുദസ്) കൊണ്ട് ശക്തിപ്പെടുത്തിയെങ്കിൽ..... ഈ അവസരത്തിൽ അങ്ങനെ ചെയ്യാൻ കഴിയാതെപോയോ? മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ള മശിഹായ്ക്ക് ഈ അവസരത്തിൽ തന്നെ രക്ഷിപ്പാൻ കഴിയാതെപോയോ?

3. ഈസായെ സ്വർഗ്ഗത്തിലേക്കുയർത്തി സംരക്ഷിക്കുവാൻ കഴിവുള്ളവനായിരുന്നു അല്ലാഹു. അങ്ങനെയിരിക്കെ ഈസായുടെ സാദൃശ്യം മറ്റൊരാൾ വഹിക്കുന്നതിൻെറ ആവശ്യകതയെന്ത്?

4. മറ്റൊരാളിൽ ഈസായുടെ രൂപസാദൃശ്യം വരുത്തുന്നതിലൂടെ ഈസാ അല്ലാത്ത് ഒരാളെ ഈസായാണെന്നു വിശ്വസിപ്പിക്കുകയാകുന്നു. ഇത് ഒരു വഞ്ചനയും അല്ലാഹുവിൻെറ ജ്ഞാനത്തിനു നിരക്കാത്തതുമാകുന്നു.

5. കിഴക്കും പടിഞ്ഞാറുമുള്ള ഭൂരിപക്ഷം ക്രിസ്ത്യാനികളും ഈസായോടുള്ള അവരുടെ അഗാധമായ സ്നേഹം കൊണ്ടും അവൻെറ നാമത്തിനുവേണ്ടി പ്രവർത്തിപ്പാനുള്ള ആവേശം മൂലവും ഈസായുടെ ക്രൂശുമരണത്തെ സാക്ഷിപ്പെ



ടുത്തിയിട്ടുണ്ട്. അതുകൊണ്ടു നാം ഇതിനെ നിഷേധിക്കുന്നുവെങ്കിൽ ചരിത്ര വസ്തുതകളെ തിരസ്ക്കരിക്കുകയാവും ചെയ്യുക. ഈസാ, മുഹമ്മദ് എന്നിവരടക്കുള്ള പ്രവാചകന്മാരുടെ പ്രവചനങ്ങളെ നിഷേധിക്കുന്നതിന് തുല്യമാണിത്.

6. രൂപസാദൃശ്യം നല്കപ്പെട്ട വ്യക്തി താൻ ഈസാ അല്ലെന്നു വെളിപ്പെടുത്തി സ്വയം രക്ഷപ്പെടാനാണ് സാദ്ധ്യത. അങ്ങനെ വിചാരിക്കുന്നതു യുക്തിക്കു നിരക്കുന്നതുമാകുന്നു.

എന്നാൽ അങ്ങനെ ചെയ്യാത്ത സ്ഥിതിക്കു കാര്യങ്ങൾ മേൽപ്രസ്താവിച്ചവിധത്തിലല്ലെന്നു നാം മനസ്സിലാക്കുകയാണ്. ഖുർ-ആനിലെ പ്രസ്താവനകൾ ഈസായുടെ ക്രൂശീകരണത്തെ നിഷേധിക്കുന്നുവെങ്കിൽതന്നെയും സ്വർഗ്ഗത്തിലേക്കു എടുക്കപ്പെടുന്നതിനുമുമ്പുള്ള അദ്ദേഹത്തിൻെറ മരണത്തെ നിഷേധിക്കുന്നില്ല. മശീഹായുടെ അന്ത്യത്തെക്കുറിച്ചുള്ള ഖുർ-ആനിലെ വിവരണം നാം പരിശോധിച്ചാൽ മശീഹായുടെ മരണത്തെ സ്ഥിരീകരിക്കുന്ന മൂന്നു സൂക്തങ്ങളും വധത്തെ സൂചിപ്പിക്കുന്ന രണ്ടു സൂക്തങ്ങളും കാണാം. 'വഫാത്ത്' - 'മൗത്ത്' എന്നീ പദങ്ങൾ മൂന്നുതവണയും 'ഖതല' - വധം എന്ന പദം രണ്ടു തവണയും ഉപയോഗിച്ചിരിക്കുന്നു.

1. സൂറത്തുൽ മറിയം 33.

وَالسَّلٰمُ عَلَيَّ يَوْمَ وُلِدْتُّ وَيَوْمَ اَمُوْتُ
وَيَوْمَ اُبْعَثُ حَيًّا ﴿٣٣﴾

'ഞാൻ ജനിച്ച ദിവസവും മരിക്കുന്ന ദിവസവും എന്നെ പുനർജ്ജീവിപ്പിക്കുന്ന ദിവസവും എനിക്കു സമാധാനം ഉണ്ടായിരിക്കും.' ഈ വാക്യം ഈസായുടെ അവതാരത്തെയും മരണത്തെയും പുനരുദ്ധാരണത്തെയും തെളിയിക്കുന്നു. ഇതാകട്ടെ പ്രവചനത്തിൻെറയും അത്ഭുതകൃത്യത്തിൻെറയും രൂപത്തിലാണ്. ഇതു സുവിശേഷത്തിലെ വചനങ്ങളോട് അക്ഷരികമായും ആത്മികമായും യോജിക്കുന്നു.

2. സൂറത്ത് ആലു ഇംറാൻ 55.

إذ قال الله يعيسى إني متوفيك
ورافعك إلي ومطهرك من الذين كفروا
وجاعل الذين اتبعوك فوق الذين كفروا
إلى يوم القيمة ثم إلي مرجعكم فأحكم
بينكم فيما كنتم فيه تختلفون ٥٥

'ഓ ഈസാ നിനക്കു ഞാൻ പൂർത്തിയാക്കിത്തരികയും എൻെറ അടുക്കലേക്കു നിന്നെ ഞാൻ ഉയർത്തുകയും സത്യ നിഷേധികൾ നിന്നിൽ ചുമത്തിയിരിക്കുന്ന കുറ്റങ്ങളിൽ നിന്ന് നിന്നെ ഞാൻ പരിശുദ്ധനാക്കുകയും ലോകാവസാനംവരെയും നിന്നെ പിൻപറ്റിയവരെ നിന്നെ നിഷേധിക്കുന്നവരേക്കാൾ ഉന്നതപദവിയിൽ ഞാൻ വയ്ക്കുകയും ചെയ്യും. പിന്നീടു നിങ്ങളുടെ മടക്കം എൻെറ അടുക്കലേക്കു തന്നെയാണ്. നിങ്ങൾ ഭിന്നിച്ച വിഷയങ്ങളിൽ അന്നു ഞാൻ വിധി കല്പിച്ചു കൊള്ളാം.

സൂറത്ത് അൽമാഇദ. 116, 117.

وإذ قال الله
يعيسى ابن مريم ءأنت قلت للناس اتخذوني
وأمي إلهين من دون الله قال سبحنك ما يكون
لي أن أقول ما ليس لي بحق إن كنت قلته فقد
علمته تعلم ما في نفسي ولا أعلم ما في نفسك
إنك أنت علام الغيوب ١١٦ ما قلت لهم إلا ما
أمرتني به أن اعبدوا الله ربي وربكم وكنت
عليهم شهيدا ما دمت فيهم فلما توفيتني كنت
أنت الرقيب عليهم وأنت على كل شيء شهيد ١١٧



'ഓ മറിയമിൻെറ മകൻ ഈസാ! അല്ലാഹുവിനെവിട്ടു എന്നെയും എൻെറ മാതാവിനെയും ദൈവങ്ങളാക്കി വെയ്ക്കണമെന്നു നീയാണോ ജനങ്ങളോടുപദേശിച്ചത്? അദ്ദേഹം പറയും: 'നിനക്കു സ്തോത്രം. എനിക്ക് അധികാരം ഇല്ലാത്തതു ഞാൻ പറയുവാൻ നിവൃത്തിയില്ലല്ലോ, ഞാനതുപദേശിച്ചിട്ടുണ്ടെങ്കിൽ, നിനക്കതു തികച്ചും അറിവുണ്ടായിരിക്കും. എൻെറ ഹൃദയത്തിലുള്ളത് നിനക്കറിയാം. നിന്നിലുള്ളത് ഞാനറിയുകയില്ല, നീ അദൃശ്യവാർത്തകളെല്ലാം അറിയുന്നവൻ തന്നെയാണല്ലോ.

(അല്ലാഹുവേ) നീ എന്നോടു കല്പിച്ചതല്ലാതെ അതായത് എൻെറയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനു കീഴ്പ്പെട്ടുകൊണ്ടു ജീവിക്കണമെന്നല്ലാതെ മറ്റു യാതൊന്നും ഞാൻ അവരോട് ഉപദേശിച്ചിട്ടില്ല. അവർക്കിടയിൽ ഞാൻ ഉണ്ടായിരുന്ന കാലത്തോളം അവരുടെ സ്ഥിതിഗതികളെല്ലാം ഞാൻ നോക്കികൊണ്ടിരുന്നു. പിന്നീട് നീ എൻെറ ആയുഷ്ക്കാലം പൂർത്തിയാക്കിയപ്പോൾ അവരുടെ കാര്യങ്ങളെല്ലാം ഉറ്റുനോക്കികൊണ്ടിരുന്നതു നീ തന്നെയാണ്. നീ സർവ്വകാര്യങ്ങളുടെയും സാക്ഷിയാണ്.

4. സൂറത്ത് അൽബഖറ : 87.

ولقد ءاتينا موسى الكتب
وقفينا من بعده بالرسل وءاتينا عيسى ابن
مريم البينت وأيدنه بروح القدس أفكلما
جاءكم رسول بما لا تهوى أنفسكم استكبرتم
ففريقا كذبتم وفريقا تقتلون ٨٧

'നാം മൂസായ്ക്കു വേദം നല്കിയിട്ടുണ്ട്. അദ്ദേഹത്തിനു ശേഷം തുടരെ തുടരെ ദൂതന്മാരെ അയച്ചുകൊണ്ടുമിരുന്നു. മറിയമിൻെറ മകൻ ഈസക്കു നാം വ്യക്തമായ ദൃഷ്ടാന്തങ്ങൾ നല്കി; പരിശുദ്ധാത്മാവിനെക്കൊണ്ട് അദ്ദേഹത്തിനു നാം പിൻബലം നൽകി. അപ്പോൾ, നിങ്ങൾ ഇഷ്ടപ്പെടാത്ത

സന്ദേശവുംകൊണ്ട് ഓരോ ദൂതൻ നിങ്ങളുടെ അടുക്കൽ വരുമ്പോഴും നിങ്ങൾ അഹംഭാവം നടിക്കുകയും അവരിൽ ചിലരെ നിഷേധിക്കുകയും ചിലരെ വധിക്കുകയും ആണോ ചെയ്യുന്നത്?

ഇവിടെ 'വധിക്കുക' എന്ന പദത്തിനു യാതൊരു അവ്യക്തതയുമില്ല, കൊല്ലുക എന്നല്ലാതെ അതു വ്യാഖ്യാനിക്കുവാൻ സാദ്ധ്യവുമല്ല. മശിഹാ ഏതു പ്രകാരത്തിൽ വധിക്കപ്പെട്ടു എന്നു ഖുർ-ആനിൽ പ്രസ്താവിക്കാത്തതുകൊണ്ട് അതേക്കുറിച്ചുള്ള മൗലികമായ ഏകാശ്രയം ഇൻഞ്ചീൽ (സുവിശേഷം) ഒന്നു മാത്രമാണ്.

5. ആലു ഇംറാൻ 183.

الَّذِينَ قَالُوا إِنَّ اللَّهَ عَهِدَ إِلَيْنَا أَلَّا نُؤْمِنَ
لِرَسُولٍ حَتَّىٰ يَأْتِيَنَا بِقُرْبَانٍ تَأْكُلُهُ النَّارُ ۗ
قُلْ قَدْ جَاءَكُمْ رُسُلٌ مِّن قَبْلِي بِالْبَيِّنَاتِ وَبِالَّذِي
قُلْتُمْ فَلِمَ قَتَلْتُمُوهُمْ إِن كُنتُمْ صَادِقِينَ ﴿١٨٣﴾

'ഞങ്ങളുടെ മുമ്പിൽവച്ച് ഒരു ബലി നടത്തുകയും തീ അതിനെ കരിച്ചു കളകയും ചെയ്തതല്ലാതെ ഒരു ദൂതനെയും വിശ്വസിക്കരുതെന്ന് അല്ലാഹു ഞങ്ങളോട് കല്പിച്ചിട്ടുണ്ട്' എന്നു പറയുന്നവരോട് നീ ചോദിക്കുക - വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി പല ദൂതന്മാരും എനിക്കു മുമ്പു നിങ്ങളുടെ അടുക്കൽ വന്നു. (അവയ്ക്കു പുറമെ) നിങ്ങൾ പറഞ്ഞതുമായും വന്നു. നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അവരെ നിങ്ങൾ എന്തിനു കൊന്നുകളഞ്ഞു.

വി. ഖുർ-ആനിലെ പ്രസ്താവനകളുടെ വെളിച്ചത്തിൽ നാം വിലയിരുത്തിയാൽ ഖുർബാൻ (ബലി) കൊണ്ടുവന്ന ഏക പ്രവാചകൻ മശീഹാ മാത്രമാണെന്നു കാണാം. സൂറത്തു അൽമാഇദ : 114.



قَالَ عِيسَى ابْنُ مَرْيَمَ اللَّهُمَّ
رَبَّنَا أَنزِلْ عَلَيْنَا مَائِدَةً مِّنَ السَّمَاءِ تَكُونُ لَنَا
عِيدًا لِّأَوَّلِنَا وَآخِرِنَا وَآيَةً مِّنكَ ۖ وَارْزُقْنَا وَأَنتَ
خَيْرُ الرَّازِقِينَ ﴿١١٤﴾

'മറിയമിന്റെ മകൻ ഈസാ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ! ഞങ്ങൾക്കു ആകാശത്തുനിന്ന് ആഹാരപദാർത്ഥങ്ങൾ നിരത്തിവച്ചിട്ടുള്ള ഒരു തളിക ഇറക്കിത്തരിക. ഞങ്ങളിൽ മുൻഗാമികൾക്കും പിൻഗാമികൾക്കും അത് ഒരു പെരുന്നാളും നിന്റെ അടുക്കൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായി നിലകൊള്ളട്ടെ! ഞങ്ങൾക്ക് ആഹാരം തരിക. നീ നല്ലതുപോലെ ആഹാരം നല്കുന്നവനാണല്ലോ.'

സൂറത്ത് അന്നിസായിലെ 157 -ാം വാക്യത്തിലേക്കു നമുക്കു തിരിച്ചുവരാം.

وَقَوْلِهِمْ إِنَّا قَتَلْنَا الْمَسِيحَ
عِيسَى ابْنَ مَرْيَمَ رَسُولَ اللَّهِ وَمَا قَتَلُوهُ وَمَا
صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ ۚ وَإِنَّ الَّذِينَ اخْتَلَفُوا
فِيهِ لَفِي شَكٍّ مِّنْهُ ۚ مَا لَهُم بِهِ مِنْ عِلْمٍ إِلَّا
اتِّبَاعَ الظَّنِّ ۚ وَمَا قَتَلُوهُ يَقِينًا ﴿١٥٧﴾

'വാസ്തവത്തിൽ അദ്ദേഹത്തെ അവർ വധിച്ചിട്ടില്ല. അദ്ദേഹത്തെ ക്രൂശിച്ചിട്ടില്ല. പക്ഷെ അവർക്ക് അങ്ങനെ കാണപ്പെട്ടു.' അക്ഷരപ്രകാരം വ്യാഖ്യാനിക്കുന്നവരെ അക്ഷരത്തിന്റെ അടിമത്തത്തിൽനിന്നും മോചിപ്പിച്ച് ആത്മാവിന്റെ സ്വാതന്ത്ര്യത്തിലേക്കു കരേറ്റാനുള്ള ശ്രമമാണ് ഇവിടെ ചെയ്യുക. അതിന് ഈസായെ വധിക്കുവാൻ യെഹൂദനേതാക്കളെ പ്രേരിപ്പിച്ചതെന്തായിരുന്നു എന്നതു വെളിവാക്കേണ്ടതാവശ്യമാണ്.

ഈ സംഗതി വിശുദ്ധ യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഇപ്രകാരം വിശദീകരിക്കുന്നു. 'മഹാപുരോഹിതന്മാരും പരീശന്മാരും സംഘംകൂടി, നാം എന്തു ചെയ്യേണ്ടു? ഈ മനുഷ്യൻ വളരെ അടയാളങ്ങൾ ചെയ്യുന്നുവല്ലോ. അവനെ ഇങ്ങനെ വിട്ടേച്ചാൽ എല്ലാവരും അവനിൽ വിശ്വസിക്കും: റോമാക്കാരും വന്നു നമ്മുടെ സ്ഥലത്തെയും ജനത്തെയും എടുത്തുകളയും എന്നു പറഞ്ഞു. അവരിൽ ഒരുത്തൻ, ആ സംവത്സരത്തെ മഹാപുരോഹിതനായ കയ്യാഫാവു തന്നെ, അവരോട്, നിങ്ങൾ ഒന്നും അറിയുന്നില്ല; ജനം മുഴുവനും നശിച്ചു പോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്കുവേണ്ടി മരിക്കുന്നത് നന്ന് എന്ന് ഓർക്കുന്നതുമില്ല - എന്നു പറഞ്ഞു' (യോഹ. 11: 47-50).

അദ്ദേഹത്തെ കുരിശിൽത്തറച്ചു കൊന്നശേഷം കബറടക്കം ചെയ്തു കബറിന്റെ വാതിൽ പീലാത്തോസിന്റെ മുദ്രയാൽ ഭദ്രമാക്കിയപ്പോൾ മശിഹായുടെ ഉപദേശങ്ങളിൽനിന്നും അത്ഭുതങ്ങളിൽ നിന്നും തങ്ങൾ എന്നന്നേക്കുമായി രക്ഷനേടി എന്നു കരുതി യെഹൂദി നേതാക്കന്മാർ അത്യധികം സന്തോഷിച്ചു. ഈ അതിക്രൂരമായ മരണം അദ്ദേഹത്തിന്റെ അനുയായികളെ അനന്തരപ്രവർത്തനത്തിൽനിന്നും തടയുമെന്നും അവർ വിചാരിച്ചു. എന്നാൽ യെഹൂദന്മാരുടെ ഉദ്ദേശ്യവും നിരൂപണവും ദൈവം തകർത്ത്, ദൈവഹിതം നടപ്പിലാക്കി. ക്രൂശിലെ പാപപരിഹാര മരണം വഴി മശിഹാ ആയിരമായിരങ്ങളെ തന്നിലേക്കാകർഷിച്ചു. 'ഞാനോ ഭൂമിയിൽ നിന്നും ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേക്ക് ആകർഷിക്കും........; (യോഹ. 12 : 32) എന്ന പ്രവചനം ഇവിടെ നിവൃത്തിയായി.

എന്നാൽ അത്ഭുതങ്ങൾ അവസാനിച്ചില്ല. മശിഹാ നൽകിയ അധികാരങ്ങൾ വഴി തന്റെ അപ്പൊസ്തലന്മാരുടെ കൈകളാൽ അത്ഭുതപ്രവൃത്തികൾ തുടർന്നുകൊണ്ടിരുന്നു എന്ന് ബൈബിൾ നമ്മോടു പറയുന്നു (അപ്പൊ. 19:11,12). 'ദൈവം പൗലോസ് മുഖാന്തരം അസാധാരണയായ വീര്യപ്രവൃത്തികളെ ചെയ്യിക്കയാൽ അവന്റെ മെയ്മേൽനിന്നു റൂമാലും ഉത്തരീയവും രോഗികളുടെമേൽ കൊണ്ടുവന്നിടുകയും വ്യാധികൾ അവരെ വിട്ടു മാറുകയും ദുരാത്മാക്കൾ പുറപ്പെടുകയും ചെയ്തു.



ഖുർ-ആനിലെ വാക്യങ്ങൾതന്നെ അവിശ്വാസികൾക്കെതിരായ തെളിവായി എടുക്കുവാൻ നമുക്ക് കഴിയുന്നുണ്ട്. 'അദ്ദേഹത്തിന്റെ കാര്യത്തിൽ ഭിന്നാഭിപ്രായമുള്ളവർ സംശയത്തിലാണിരിക്കുന്നത്. ഊഹത്തെ പിന്തുടരുകയല്ലാതെ അവർക്ക് അതിനെക്കുറിച്ച് യാതൊരു ജ്ഞാനവുമില്ല. അവർ അദ്ദേഹത്തെ വധിച്ചിട്ടില്ലെന്നുള്ളത് ഉറപ്പാണ്. അദ്ദേഹം മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് നാൽപ്പത് ദിവസത്തോളം തന്റെ ശിഷ്യന്മാർക്കു പലപ്രാവശ്യം പ്രത്യക്ഷനായി സ്വർഗ്ഗാരോഹണം ചെയ്തു സർവ്വശക്തിയുള്ള പിതാവായ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നു. ഖുർ-ആൻ പറയുംപോലെ 'ഞാൻ നിനക്കു പൂർത്തിയാക്കിത്തരികയും എന്റെ അടുക്കലേക്കു നിന്നെ ഞാൻ ഉയർത്തുകയും ചെയ്യും.' എന്നതു നിവൃത്തിയായി.

* * * * *

## 2

# ക്രിസ്തുവിൻെറ ക്രൂശീകരണ ത്തിന് നമ്മുടെ തെളിവുകൾ

മശീഹായുടെ ക്രൂശീകരണത്തിൻെറ തെളിവുകൾ നിരവധിയാണ്. അവയെല്ലാം വിശദമായി പ്രതിപാദിക്കുവാൻ ഈ ചെറു പുസ്തകം മതിയായതല്ല. ചില പ്രധാനപ്പെട്ട തെളിവുകൾ മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

### *1. പ്രവചനങ്ങൾ*

ക്രിസ്തുവിൻെറ ക്രൂശിലെ പാപപരിഹാരബലിയായ മരണത്തെ സ്ഥിരീകരിക്കുന്ന നിരവധി പ്രവചനങ്ങൾ സത്യവേദത്തിലുണ്ട്. അവയെല്ലാം അക്ഷരംപ്രതി നിറവേറിയിട്ടുമുണ്ട്.

**പ്രവചനം:-** മുപ്പതു വെള്ളിക്കാശിനു ക്രിസ്തുവിനെ വിൽക്കും. '......... അങ്ങനെ അവർ എൻെറ കൂലിയായി മുപ്പതു വെള്ളിക്കാശു തൂക്കിത്തന്നു' (സെഖര്യാവു. 11,12).

**പൂർത്തീകരണം:-** 'അന്നു പന്തിരുവരിൽ ഒരുത്തനായ യൂദാ ഇസ്ക്കര്യോത്താവു മഹാപുരോഹിതന്മാരുടെ അടുക്കൽ ചെന്നു: നിങ്ങൾ എന്തുതരും ? ഞാൻ അവനെ കാണിച്ചുതരാം എന്നു പറഞ്ഞു. അവർ അവന്നു മുപ്പതു വെള്ളിക്കാശു തൂക്കി കൊടുത്തു' (മത്താ. 26:14,15).

**പ്രവചനം:-** ആ പണംകൊണ്ടു കുശവൻെറ നിലം വാങ്ങും. 'എന്നാൽ യഹോവ എന്നോട് : അതു ഭണ്ഡാരത്തിൽ ഇട്ടുകളക; അവർ എന്നെ മതിച്ചിരിക്കുന്നത് മനോഹരമായൊരു വിലതന്നെ എന്നു കൽപ്പിച്ചു; അങ്ങനെ ഞാൻ ആ മുപ്പതു



വെള്ളിക്കാശുവാങ്ങി യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടുകളഞ്ഞു' (സെഖ. 11:13).

**പൂർത്തീകരണം:-** 'അവനെ ശിക്ഷക്കു വിധിച്ചു എന്ന് അവനെ കാണിച്ചുകൊടുത്ത യൂദാ കണ്ട് അനുതപിച്ച് , ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ മടക്കികൊണ്ടുവന്നു: ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം ചെയ്തു എന്നു പറഞ്ഞു. അതു ഞങ്ങൾക്കു എന്ത് ? നീ തന്നെ നോക്കികൊൾക എന്ന് അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശു മന്ദിരത്തിൽ എറിഞ്ഞു, ചെന്നു കെട്ടിഞാന്നു ചത്തുകളഞ്ഞു. മഹാപുരോഹിതന്മാർ ആ വെള്ളിക്കാശെടുത്തു; ഇതു രക്തവിലയാകയാൽ ശ്രീഭണ്ഡാരത്തിലിടുന്നതു വിഹിതമല്ല എന്നു പറഞ്ഞു, കൂടി ആലോചിച്ചു, പരദേശികളെ കുഴിച്ചിടുവാൻ അതുകൊണ്ടു കുശവൻെറ നിലം വാങ്ങി' ആകയാൽ ആ നിലത്തിനു ഇന്നുവരെ രക്തനിലം എന്നുപേർ (മത്താ. 27:3-8) പറയുന്നു.

**പ്രവചനം:-** പരിഹസിച്ചു ക്രൂശിക്കും.

'നായ്ക്കൾ എന്നെ വളഞ്ഞു; ദുഷ്ടന്മാരുടെ കൂട്ടം എന്നെ ചുറ്റിയിരിക്കുന്നു; അവർ എൻെറ കൈകളേയും കാലുകളേയും തുളെച്ചു; എൻെറ അസ്ഥികളൊക്കെയും എനിക്ക് എണ്ണാം; അവർ എന്നെ ഉറ്റുനോക്കുന്നു; എൻെറ വസ്ത്രം അവർ പകുത്തെടുത്തു, എൻെറ അങ്കിക്കായി അവർ ചീട്ടിടുന്നു' (സങ്കീ. 22:16-18).

**പൂർത്തീകരണം:-** 'പടയാളികൾ അവനെ ആസ്ഥാനമായ മണ്ഡപത്തിനകത്തുകൊണ്ടുപോയി പട്ടാളത്തെയെല്ലാം വിളിച്ചുകൂട്ടി. അവനെ രക്താംബരം ധരിപ്പിച്ചു; മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞ് അവനെ ചൂടിച്ചു; യെഹൂദന്മാരുടെ രാജാവേ ജയ ജയ എന്നു പറഞ്ഞ് വന്ദിച്ചു; കോൽകൊണ്ട് അവൻെറ തലയിൽ അടിച്ചു, അവനെ തുപ്പി, മുട്ടുകുത്തി അവനെ നമസ്ക്കരിച്ചു. അങ്ങനെ അവനെ പരിഹസിച്ചശേഷം അവർ രക്താംബരം നീക്കി സ്വന്ത വസ്ത്രം ധരിപ്പിച്ച് അവനെ ക്രൂശിപ്പാൻ കൊണ്ടുപോയി' (മർക്കോ. 15:16-20).

**പ്രവചനം:-** അവൻെറ ശരീരം കുത്തിതുളയ്ക്കപ്പെടും.

'എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു; നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവൻെറ മേൽ ആയിട്ട്, അവൻെറ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു' (യെശ. 53:5).

'ഉഴവുകാർ എൻെറ മുതുകിന്മേൽ ഉഴുതു; ഉഴവുചാലുകൾ അവർ നീളത്തിൽ കീറി' (സങ്കീ. 129:3).

**പൂർത്തീകരണം:-** 'യേശുവിനെ പിടിച്ചവർ അവനെ പരിഹസിച്ചു കണ്ണുകെട്ടിതല്ലി; പ്രവചിക്ക; നിന്നെ അടിച്ചവർ ആരെന്നു ചോദിച്ചു. മറ്റുപലതും അവനെ ദുഷിച്ചുപറഞ്ഞു' (ലൂക്കൊ. 22:63-65).

'എങ്കിലും പടയാളികളിൽ ഒരുത്തൻ കുന്തംകൊണ്ട് അവൻെറ വിലാപ്പുറത്തു കുത്തി; ഉടനെ രക്തവും വെള്ളവം പുറപ്പെട്ടു' (യോഹ. 19:34).

**പ്രവചനം:-** അവൻ വേദനയും അപമാനവും നിശ്ശബ്ദതയോടെ സഹിക്കും.

'തന്നെത്താൻ താഴ്ത്തി വായെ തുറക്കാതിരുന്നിട്ടും അവൻ പീഡിപ്പിക്കപ്പെട്ടു; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മിണ്ടാതെയിരിക്കുന്ന ആടിനെപ്പോലെയും അവൻ വായെ തുറക്കാതിരുന്നു' (യെശ. 53:7).

**പൂർത്തീകരണം:-** 'തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടമനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപ്പിക്കയത്രെ ചെയ്തത്. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന് അവൻ തൻെറ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽകയറി. അവൻെറ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു" (1 പത്രൊ. 2 : 23,24).



**പ്രവചനം:-** അവൻ അടിയും തുപ്പും ഏൽക്കും

'അടിക്കുന്നവർക്കു ഞാൻ എൻെറ മുതുകും രോമം പറിക്കുന്നവർക്ക് എൻെറ കവിളും കാണിച്ചുകൊടുത്തു; എൻെറ മുഖം നിന്ദയ്ക്കും തുപ്പലിനും മറെച്ചിട്ടുമില്ല' (യെശ. 50:6).

**പൂർത്തീകരണം:-** 'അപ്പോൾ അവൻ അവൻെറ മുഖത്തു തുപ്പി; അവനെ മുഷ്ടി ചുരുട്ടികുത്തി, ചിലർ അവനെ കന്നത്തടിച്ചു......' (മത്താ. 26:67, മർക്കൊ. 15:19).

**പ്രവചനം:-** അവനെ പരിഹസിക്കും.

'ഞാനോ മനുഷ്യനല്ല, ഒരു ക്രിമിയത്രെ; മനുഷ്യരുടെ ധിക്കാരവും ജനത്താൽ നിന്ദിതനും തന്നെ. എന്നെ കാണുന്നവരൊക്കെയും എന്നെ പരിഹസിക്കുന്നു; അവർ അധരം മലർത്തി തലകുലുക്കുന്നു. യഹോവയിൽ നിന്നെത്തന്നെ സമർപ്പിക്ക! അവൻ അവനെ രക്ഷിക്കട്ടെ! അവൻ അവനെ വിടുവിക്കട്ടെ! അവനിൽ പ്രസാദമുണ്ടല്ലോ' (സങ്കീ. 22:6-8).

**പൂർത്തീകരണം:-** 'കടന്നുപോകുന്നവർ തലകുലുക്കി അവനെ ദുഷിച്ചു: മന്ദിരം പൊളിച്ചു മൂന്നുനാൾകൊണ്ടു പണിയുന്നവനേ, നിന്നെത്തന്നെ രക്ഷിക്ക; ദൈവപുത്രനെങ്കിൽ ക്രൂശിൽനിന്നു ഇറങ്ങിവാ എന്നു പറഞ്ഞു. അങ്ങനെതന്നെ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മൂപ്പന്മാരും പരിഹസിച്ചു. ഇവൻ മറ്റുള്ളവരെ രക്ഷിച്ചു, തന്നത്താൻ രക്ഷിപ്പാൻ കഴിയുകയില്ല; അവൻ..... ഇപ്പോൾ ക്രൂശിൽ നിന്ന് ഇറങ്ങിവരട്ടെ; എന്നാൽ ഞങ്ങൾ അവനിൽ വിശ്വസിക്കും. അവൻ ദൈവത്തിൽ ആശ്രയിക്കുന്നു. അവന് ഇവനിൽ പ്രസാദമുണ്ടെങ്കിൽ ഇപ്പോൾ വിടുവിക്കട്ടെ; ഞാൻ ദൈവപുത്രൻ എന്ന് അവൻ പറഞ്ഞുവല്ലോ എന്നു പറഞ്ഞു' (മത്താ. 27 : 39-42, 43).

**പ്രവചനം:-** പിതാവിൻെറ കൈവെടിയലും അവൻെറ അമ്പരപ്പും.

'എൻെറ ദൈവമേ, എൻെറ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്? എന്നെ രക്ഷിക്കാതെയും എൻെറ ഞരക്കത്തിൻെറ

വാക്കുകൾ കേൾക്കാതെയും അകന്നു നില്ക്കുന്നതെന്ത്? (സങ്കീ. 22 : 1).

**പൂർത്തീകരണം:-** 'ഏകദേശം ഒമ്പതാം മണിനേരത്തു യേശു: ഏലീ, ഏലീ, ലമ്മാ ശബക്താനീ എന്ന് ഉറക്കെ നില വിളിച്ചു; എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈ വിട്ടതെന്ത് എന്നർത്ഥം' (മത്താ. 27 : 46).

**പ്രവചനം:-** അവർ അവന് വിന്നാഗിരി കുടിപ്പാൻ കൊടുക്കും. 'എന്റെ ദാഹത്തിന് അവർ എനിക്കു ചൊറുക്ക കുടിപ്പാൻ തന്നു' (സങ്കീ. 69 : 21).

**പൂർത്തീകരണം :-** 'അതിന്റേശേഷം സകലവും തികഞ്ഞിരിക്കുന്നു എന്നു യേശു അറിഞ്ഞിട്ട് തിരുവെഴുത്തു നിവൃത്തിയാകുംവണ്ണം എനിക്കു ദാഹിക്കുന്നു എന്നു പറഞ്ഞു. അവിടെ പുളിച്ച വീഞ്ഞു നിറഞ്ഞൊരു പാത്രം വെച്ചിട്ടുണ്ടായിരുന്നു. അവർ ഒരു സ്പോങ്ങ് പുളിച്ച വീഞ്ഞുനിറെച്ചു ഈസോപ്പു തണ്ടിന്മേൽ ആക്കി അവന്റെ വായോട് അടുപ്പിച്ചു' (യോഹ. 19 : 28,29).

**പ്രവചനം :-** പടയാളികൾ അവന്റെ വസ്ത്രത്തിനായി ചീട്ടിടും.

'എന്റെ വസ്ത്രം അവർ പകുത്തെടുത്തു, എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു' (സങ്കീ. 22 : 18).

**പൂർത്തീകരണം :-** പടയാളികൾ യേശുവിനെ ക്രൂശിച്ച ശേഷം അവന്റെ വസ്ത്രം എടുത്ത് ഓരോ പടയാളിക്കു ഓരോ പങ്കായിട്ട് നാലു പങ്കാക്കി; അങ്കിയും എടുത്തു; അങ്കിയോ തുന്നൽ ഇല്ലാതെ മേൽതൊട്ട് അടിയോളം മുഴുവനും നെയ്തതായിരുന്നു. ഇതു കീറരുത്; ആർക്കു വരുമെന്നു ചീട്ടിടുക എന്ന് അവർ തമ്മിൽ പറഞ്ഞു' (യോഹ. 19 : 23,24).

**പ്രവചനം :-** അവന്റെ അസ്ഥികൾ ഒന്നും ഒടിക്കപ്പെടുകയില്ല.

'അവന്റെ അസ്ഥികളെ എല്ലാം അവൻ സൂക്ഷിക്കുന്നു; അവയിൽ ഒന്നും ഒടിഞ്ഞുപോകയുമില്ല' (സങ്കീ. 34 : 20).



**പൂർത്തീകരണം :-** 'ആകയാൽ പടയാളികൾ വന്നു ഒന്നാമത്തവന്റെയും അവനോടുകൂടെ ക്രൂശിക്കപ്പെട്ട മറ്റേവന്റെയും കാൽ ഒടിച്ചു. അവർ യേശുവിന്റെ അടുക്കൽ വന്നു, അവൻ മരിച്ചുപോയി എന്നു കാൺകയാൽ അവന്റെ കാൽ ഒടിച്ചില്ല' (യോഹ. 19 : 32, 33).

**പ്രവചനം :-** അവനെ കുന്തംകൊണ്ടു കുത്തും.

'....... തങ്ങൾ കുത്തിയിട്ടുള്ളവങ്കലേക്ക് അവർ നോക്കു; ഏകജാതനെക്കുറിച്ചു വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യജാതനെക്കുറിച്ചു വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും' (സെഖ. 12 :10).

**പൂർത്തീകരണം :-** 'എങ്കിലും പടയാളികൾ ഒരുത്തൻ കുന്തംകൊണ്ട് അവന്റെ വിലാപ്പുറത്തു കുത്തി; ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു' (യോഹ. 19 : 34).

**പ്രവചനം :-** ദുഷ്ടന്മാരോടുകൂടെ മരിക്കും എന്നാൽ സമ്പന്നന്മാരോടുകൂടെ ആയിരിക്കും.

'.........അവർ അവനു ദുഷ്ടന്മാരോടുകൂടെ ശവക്കുഴി കൊടുത്തു; അവന്റെ മരണത്തിൽ അവൻ സമ്പന്നന്മാരോടു കൂടെ ആയിരുന്നു' (യെശ. 53 : 9).

**പൂർത്തീകരണം :-** 'വലത്തും ഇടത്തുമായി രണ്ടു കള്ളന്മാരേയും അവനോടുകൂടെ ക്രൂശിച്ചു' (മത്താ. 27 : 38).

'സന്ധ്യയായപ്പോൾ അരിമത്യക്കാരനായ യോസേഫ് എന്ന ധനവാൻ താനും യേശുവിന്റെ ശിഷ്യനായിരിക്കയാൽ വന്നു പീലാത്തോസിന്റെ അടുക്കൽ ചെന്നു യേശുവിന്റെ ശരീരം ചോദിച്ചു. പീലാത്തോസ് അത് ഏല്പിച്ചുകൊടുപ്പാൻ കല്പിച്ചു. യോസേഫ് ശരീരം എടുത്ത് നിർമ്മലശീലയിൽ പൊതിഞ്ഞ്, താൻ പാറയിൽ വെട്ടിച്ചിരുന്ന തന്റെ പുതിയ കല്ലറയിൽ വെച്ചു. കല്ലറയുടെ വാതില്ക്കൽ ഒരു വലിയ കല്ല് ഉരുട്ടി വെച്ചിട്ടുപോയി' (മത്താ. 27 : 57-60).

## *2. മശിഹായുടെ പ്രസ്താവനകൾ*

തൻെറ രക്ഷാപ്രവൃത്തി ക്രൂശിലെ മരണത്തെ അനിവാര്യമാക്കിത്തീർക്കുമെന്ന് മശിഹാ തൻെറ ശിഷ്യന്മാരോട് പലതവണ വ്യക്തമാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റം ശ്രദ്ധാർഹമായ അവസരം തന്നെ കാണിച്ചുകൊടുത്ത രാത്രിയിൽ ശിഷ്യന്മാർക്ക് താൻ കൊടുത്ത അന്ത്യസന്ദേശമാണ്. മനുഷ്യവംശത്തിൻെറ രക്ഷയ്ക്കുവേണ്ടി താൻ ക്രൂശിൽ മരിക്കുമെന്നു സൂചിപ്പിക്കുന്ന പ്രത്യേകമായ പ്രഖ്യാപനങ്ങളിൽ ചിലതു താഴെ വിവരിക്കും പ്രകാരമാണ്.

'അന്നുമുതൽ യേശു താൻ യെരൂശലേമിൽ ചെന്നിട്ട് മൂപ്പന്മാർ, മഹാപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരാൽ പലതും സഹിച്ച് കൊല്ലപ്പെടുകയും മൂന്നാംനാൾ ഉയിർത്തെഴുന്നേല്ക്കുകയും വേണ്ടത് എന്നു ശിഷ്യന്മാരോടു പ്രസ്താവിച്ചുതുടങ്ങി' (മത്താ. 16 : 21).

'അവർ ഗലീലയിൽ സഞ്ചരിക്കുമ്പോൾ യേശു അവരോട്: മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏൽപ്പിക്കപ്പെടുവാറായിരിക്കുന്നു. അവർ അവനെ കൊല്ലുകയും മൂന്നാംനാൾ അവൻ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും എന്നു പറഞ്ഞു. അവരോ ഏറ്റവും ദുഃഖിച്ചു' (മത്താ. 17 : 22,23).

മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പന്മാരും, മഹാപുരോഹിതന്മാരും, ശാസ്ത്രിമാരും അവനെ തള്ളിക്കളഞ്ഞു കൊല്ലുകയും മൂന്ന് നാൾ കഴിഞ്ഞിട്ട് അവൻ ഉയിർത്തെഴുന്നേൽക്കയും വേണമെന്ന് അവരെ ഉപദേശിച്ചു തുടങ്ങി' (മർക്കൊ. 8:31).

'അവൻ തൻെറ ശിഷ്യന്മാരെ പഠിപ്പിച്ച് അവരോട് : മനുഷ്യപുത്രൻ മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടും, അവർ അവനെ കൊല്ലും; കൊന്നിട്ടു മൂന്നു നാൾ കഴിഞ്ഞശേഷം അവൻ ഉയിർത്തെഴുന്നേൽക്കും എന്നു പറഞ്ഞു' (മർക്കൊ. 9 : 31).

'മനുഷ്യപുത്രൻ പലതും സഹിക്കയും മൂപ്പന്മാർ, മഹാപുരോഹിതന്മാർ,ശാസ്ത്രികൾഎന്നിവർ അവനെതള്ളിക്കളഞ്ഞു കൊല്ലുകയും അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും വേണമെന്നു പറഞ്ഞു' (ലൂക്കൊ 9 : 22)



'ഈ വചനങ്ങളൊക്കെയും പറഞ്ഞുതീർന്നശേഷം യേശു ശിഷ്യന്മാരോട് : രണ്ടുദിവസം കഴിഞ്ഞിട്ടു പെസഹ ആകുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ. അന്നു മനുഷ്യപുത്രനെ ക്രൂശിപ്പാൻ ഏൽപ്പിക്കും എന്നു പറഞ്ഞു' (മത്താ. 26 : 1,2).

'ഇതാ, നാം യെരൂശലേമിലേക്കു പോകുന്നു. അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതന്മാരുടെയും ശാസ്ത്രിമാരുടെയും കയ്യിലേല്പിക്കപ്പെടും. അവർ അവനെ മരണത്തിനു വിധിച്ചു ജാതികൾക്കു ഏല്പിക്കും' (മർക്കൊ. 10 : 33).

'സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്ന (വനായി സ്വർഗ്ഗത്തിലിരിക്കുന്നവനായ) മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീട്ടില്ല. മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നെ' (യോഹ. 3 : 13,14).

## *3. അപ്പൊസ്തലന്മാരുടെ സാക്ഷ്യങ്ങൾ*

അപ്പൊസ്തലപ്രവൃത്തികൾ, ലേഖനങ്ങൾ എന്നിവ സൂക്ഷ്മമായി പഠിക്കുന്ന ഏതൊരാൾക്കും ഒരു കാര്യം മനസ്സിലാക്കാം. അപ്പൊസ്തലന്മാർ ലോകമെങ്ങും പ്രസംഗിച്ചതും വ്യാപിപ്പിച്ചതുമായ സന്ദേശം ലോകത്തിൻെറ പാപപരിഹാരത്തിനായി ക്രൂശിക്കപ്പെട്ട മിശിഹായെ തന്നെയായിരുന്നു. നമ്മുടെ നടത്തിപ്പിനും അറിവിനുംവേണ്ടി പരിശുദ്ധാത്മശക്തിയിൽ പ്രേരിതനായി അപ്പൊസ്തലന്മാർ എഴുതിയ വാക്കുകളിൽ നിന്ന് ചില വചനങ്ങൾ താഴെ വിവരിക്കുന്നു.

യിസ്രായേൽ പുരുഷന്മാരേ ഈ വചനം കേട്ടുകൊൾവിൻ. നിങ്ങൾ തന്നെ അറിയുംപോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളുംകൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചുതന്ന പുരുഷനായി നസ്രായനായ യേശുവിനെ ദൈവം തൻെറ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏൽപ്പിച്ചിട്ടു നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറെപ്പിച്ചുകൊന്നു; ദൈവമോ മരണപാശ

ങ്ങളെ അഴിച്ചിട്ട് അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു. മരണം അവനെ പിടിച്ചുവെക്കുന്നതു അസാദ്ധ്യമായിരുന്നു (അപ്പൊ. 2 : 22-24).

അപ്പൊസ്തലനായ പൗലോസ് ഇപ്രകാരം അറിയിക്കുന്നു. 'ദൈവം ലോകസൃഷ്ടിക്കു മുമ്പെ നമ്മുടെ തേജസ്സിനായി മുൻ നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിൻെറ ജ്ഞാനമത്രെ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു. അത് ഈ ലോകത്തിൻെറ പ്രഭുക്കന്മാർ ആരും അറിഞ്ഞില്ല; അറിഞ്ഞിരുന്നുവെങ്കിൽ അവർ തേജസ്സിൻെറ കർത്താവിനെ ക്രൂശിക്കയില്ലായിരുന്നു' (1 കൊരി. 2 : 7,8).

വിശുദ്ധയോഹന്നാൻ പ്രസ്താവിക്കുന്നു:- 'അവൻ വെളിച്ചത്തിലിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മയുണ്ട്. അവൻെറ പുത്രനായ യേശുവിൻെറ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു' (1 യോഹ. 1 : 7).

ഈ വിഷയത്തെപ്പറ്റി കൂടുതലായി പ്രതിപാദിക്കുന്ന വചനഭാഗങ്ങൾ താഴെ കൊടുക്കുന്നു:-

അപ്പൊ. പ്ര. 2:36, റോമ. 6:5,6, 1 കൊരി. 1:17,18, 22-24; 2:1,2, 2 കൊരി. 13 : 3,4, ഗലാ. 3 : 13; ഫിലി. 2:5-8, എബ്രാ. 12:2.

### *4. മശിഹായുടെ മരണത്തോടനുബന്ധിച്ചുള്ള അടയാളങ്ങൾ*

മശിഹാ ക്രൂശിന്മേൽ തൻെറ പ്രാണനെ വിട്ടപ്പോൾ സംഭവിച്ച അത്ഭുത സംഭവങ്ങളെപ്പറ്റി സുവിശേഷ കർത്താക്കളിലൊരാളായ വിശുദ്ധ മത്തായി ഇപ്രകാരം വിവരിക്കുന്നു. 'യേശു പിന്നെയും ഉറക്കെ നിലവിളിച്ചു പ്രാണനെവിട്ടു. അപ്പോൾ മന്ദിരത്തിലെ തിരശ്ശീല മേൽതൊട്ടു അടിയോളം രണ്ടായി ചീന്തിപ്പോയി; ഭൂമികുലങ്ങി, പാറകൾ പിളർന്നു, കല്ലറകൾ തുറന്നു, നിദ്രപ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു. അവൻെറ പുനരുത്ഥാനത്തിൻെറ ശേഷം കല്ലറകളെ വിട്ടു, വിശുദ്ധനഗരത്തിൽ ചെന്നു പലർക്കും പ്രത്യക്ഷമായി. ശതാധിപനും അവനോടുകൂടെ യേശുവിനെ കാത്തുനിന്നവരും



ഭൂകമ്പം മുതലായി സംഭവിച്ചതു കണ്ടിട്ട് : അവൻ ദൈവപുത്രനായിരുന്നു സത്യം എന്നു പറഞ്ഞു ഏറ്റവും ഭയപ്പെട്ടു (മത്തായി 27:50-54).

'ഏകദേശം ആറാംമണി നേരമായപ്പോൾ സൂര്യൻ ഇരുണ്ടുപോയിട്ടു ഒമ്പതാം മണിവരെ ദേശത്തൊക്കെയും അന്ധകാരമുണ്ടായി.' പ്രകൃതി പ്രത്യക്ഷമായിതന്നെ അതിൻെറ അടയാളങ്ങൾ കാണിച്ചു. പല മനുഷ്യമനസ്സുകളിലും അതിൻെറ പ്രത്യാഘാതം അനുഭവപ്പെട്ടു. അന്യമതക്കാരനായ റോമാശതാധിപനും (പട്ടാളമേധാവി) ക്രിസ്തുവിൻെറ ക്രൂശീകരണത്തിന് ഉത്തരവാദികളായ മറ്റു പടയാളികളും സംഭവിച്ചതുകണ്ടിട്ട് 'അവൻ ദൈവപുത്രനായിരുന്നു സത്യം എന്നു പറഞ്ഞു ഏറ്റവും ഭയപ്പെട്ടു.' അവർ ക്രൂശിതനായ മശിഹായിൽ വിശ്വസിപ്പാൻ ഇടയായി. മേൽപറയപ്പെട്ട തരത്തിലുള്ള അത്ഭുതപ്രതിഭാസങ്ങൾ ഒരു മനുഷ്യൻെറയും മരണത്തിനു മുമ്പോ പിമ്പോ ഇതുവരെയും കാണപ്പെട്ടിട്ടില്ല.

### *5. മശിഹായുടെ ഉയിർത്തെഴുന്നേൽപ്പ്*

അത്ഭുതകരമായ ഈ സംഭവം മശിഹാ പരീശന്മാരോടും ശാസ്ത്രിമാരോടും മുൻകൂട്ടി പ്രസ്താവിച്ച ('ഈ മന്ദിരം പൊളിപ്പിൻ ഞാൻ മൂന്നു ദിവസത്തിനകം അതിനെ പണിയും') പ്രസ്താവനയുടെ പൂർത്തീകരണമായിരുന്നു. മൂന്നാം ദിവസം പ്രഭാതത്തിൽ, അതായത്. ആഴ്ചയുടെ ഒന്നാം ദിവസത്തിൽ ലോകത്തിൽ ഇന്നുവരെ സംഭവിച്ചിട്ടുള്ള അത്ഭുതങ്ങളിൽവച്ച് ഏറ്റവും വലിയ അത്ഭുതം അന്നു സംഭവിച്ചു. മഹത്വത്തിൻെറ കർത്താവ് മരിച്ചവരുടെ ഇടയിൽ നിന്നും ഉയിർത്തെഴുന്നേറ്റു. സ്വർഗ്ഗം തന്നെ ഈ അത്ഭുതസംഭവത്തെ ദൃക്സാക്ഷിയായി ഘോഷിച്ചു. നേരം പുലരുന്നതിനുമുമ്പ് ഒരു വലിയ ഭൂമികുലുക്കമുണ്ടായി. ദൈവത്തിൻെറ ദൂതൻ (മലക്) സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്ന് കല്ലറവാതില്ക്കൽ വെച്ചിരുന്ന പീലാത്തോസിനാൽ മുദ്രയിടപ്പെട്ട ആ പടുകൂറ്റൻ കല്ല് ഉരുട്ടിനീക്കി. ആ കാഴ്ച മിന്നൽ പിണർ പോലെയായിരുന്നു. പീലാത്തോസിനാൽ നിയമിതരായ കാവൽ പട്ടാളക്കാർ ഭയപരവശരായി. ഈസായുടെ ശിഷ്യന്മാർ ശവശരീരം മോഷ്ടിച്ച് ഒളിപ്പിച്ചശേഷം മശിഹാ മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു എന്ന് പ്രചരിപ്പിക്കു

വാൻ അശ്രാന്തപരിശ്രമം ചെയ്യുമെന്നു യെഹൂദി നേതാക്കൾ പറഞ്ഞു പരത്തിയതുകൊണ്ടാണ് ശവക്കല്ലറക്കു കാവൽ ഏർപ്പെടുത്തിയിരുന്നത്.

ആ മഹത്വകരമായ പ്രഭാതത്തിൽ ഈസായുടെ ശരീരത്തിൽ പൂശുവാനായി ഒരു കൂട്ടം മാന്യ സ്ത്രീകൾ സുഗന്ധദ്രവ്യവുമായെത്തി. മഗ്ദലനമറിയയും യാക്കോബിൻെറ അമ്മ മറിയയുമാണ് ആദ്യം കല്ലറയ്ക്കൽ എത്തിയത്. കല്ലറയുടെ വാതില്ക്കൽ നിന്ന് കല്ല് ഉരുട്ടിനീക്കിയതായും കല്ലറ ഒഴിഞ്ഞിരിക്കുന്നതായും കണ്ട അവർ അത്ഭുത പരതന്ത്രരായി അമ്പരന്നു നില്ക്കുമ്പോൾ ദൈവത്തിൻെറ ദൂതൻ അവർക്കു പ്രത്യക്ഷനായി ഭയപ്പെടേണ്ട എന്നു പറഞ്ഞു. 'ശബ്ബത്തു കഴിഞ്ഞു ആഴ്ചവട്ടത്തിൻെറ ഒന്നാംദിവസം വെളുക്കുമ്പോൾ മഗ്ദലക്കാരത്തി മറിയയും മറ്റേ മറിയയും കല്ലറ കാൺമാൻ ചെന്നു. പെട്ടെന്നു വലിയ ഒരു ഭൂകമ്പം ഉണ്ടായി; കർത്താവിൻെറ ദൂതൻ സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവന്നു, കല്ല് ഉരുട്ടിനീക്കി അതിന്മേൽ ഇരുന്നിരുന്നു.അവൻെറ രൂപം മിന്നലിൻ ഒത്തതും അവൻെറ ഉടുപ്പ് ഹിമം പോലെ വെളുത്തതും ആയിരുന്നു. കാവൽക്കാർ അവനെകണ്ടു പേടിച്ചു വിറെച്ചു മരിച്ചവരെപ്പോലെയായി. ദൂതൻ സ്ത്രീകളോട് : ഭയപ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു; അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞതുപോലെ ഉയിർത്തെഴുന്നേറ്റു; അവൻ കിടന്ന സ്ഥലം വന്നു കാൺമിൻ; അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്ന് അവൻെറ ശിഷ്യന്മാരോട് പറവിൻ; അവൻ നിങ്ങൾക്കു മുമ്പേ ഗലീലയ്ക്കു പോകുന്നു; അവിടെ നിങ്ങൾ അവനെ കാണും, ഞാൻ നിങ്ങളോടു പറഞ്ഞിരിക്കുന്നു എന്നു പറഞ്ഞു' (മത്താ. 28 : 1-7).

മത്തായി എഴുതിയ സുവിശേഷം തുടർന്നു പറയുന്നു: 'അങ്ങനെ അവർ വേഗത്തിൽ ഭയത്തോടും മഹാസന്തോഷത്തോടും കൂടി കല്ലറവിട്ട് അവൻെറ ശിഷ്യന്മാരോട് അറിയിപ്പാൻ ഓടിപ്പോയി. എന്നാൽ യേശു അവരെ എതിരേറ്റു, നിങ്ങൾക്കു വന്ദനം എന്നു പറഞ്ഞു; അവർ അടുത്തുചെന്നു അവൻെറ



കാൽപിടിച്ചു അവനെ നമസ്ക്കരിച്ചു. യേശു അവരോട്, ഭയപ്പെടേണ്ട; നിങ്ങൾ പോയി എൻെറ സഹോദരന്മാരോട് ഗലീലയ്ക്കു പോകുവാൻ പറവിൻ; അവിടെ അവർ എന്നെ കാണും എന്നു പറഞ്ഞു (മത്താ. 28 : 8-10).

വാസ്തവത്തിൽ പുനരുത്ഥാനദിവസം സംഭവിച്ചതു മേൽ പറഞ്ഞപ്രകാരമാണ്. ഇതു ദൈവത്താൽ പ്രചോദിതമായി സത്യസുവിശേഷത്തിൽ എഴുതപ്പെട്ടിട്ടുള്ളതുമാണ്. ദൈവവചനത്തിൽ വിശ്വസിക്കുന്ന ആരും അതു നിഷേധിക്കുവാൻ തുനിയുകയുമില്ല. വല്ലവരും അപ്രകാരം ചെയ്താൽ ദൈവവും ക്രിസ്തുവും ദൂതന്മാരും (മലക്കുകളും) ഒരുമിച്ചു ജനങ്ങളെ വഞ്ചിക്കുന്നു എന്നു ആരോപിക്കേണ്ടിവരും.

## *6. ചരിത്രത്തിൻെറ സാക്ഷ്യം*

പുറജാതിക്കാരും യെഹൂദികളുമായ പൂർവ്വിക ചരിത്രകാരന്മാർ യേശുവിൻെറ കുരിശുമരണത്തെ സ്ഥിരീകരിച്ചിട്ടുണ്ട്. ഇവർ വ്യക്തമായി ഇക്കാര്യം പ്രതിപാദിക്കുന്നു.

**1. റ്റാസിറ്റസ്:** റോമാസാമ്രാജ്യത്തിൻെറ ചരിത്രം രചിച്ച വിദഗ്ദ്ധ ചരിത്രകാരനായ റ്റാസിറ്റസ്സ് എ.ഡി. 55 ൽ എഴുതിയിട്ടുള്ള തൻെറ ബൃഹത് ഗ്രന്ഥങ്ങളിൽ ക്രിസ്തുവിൻെറ കഷ്ടാനുഭവ ക്രൂശീകരണത്തെ സംബന്ധിച്ച് വിശദമായി വിവരിക്കുന്ന ധാരാളം വിവരണങ്ങൾ ഉണ്ട്.

**2. ജൊസീഫസ്:** എ.ഡി. 37 നും 100 നും ഇടയ്ക്കു ജീവിച്ചിരുന്ന ഒരു യെഹൂദനാണ് ഇദ്ദേഹം. എ.ഡി. 93 ൽ ഇദ്ദേഹം എഴുതിയ 'Antiquities' എന്ന ഗ്രന്ഥത്തിൽ പരോക്ഷമായി യേശുവിനെപ്പറ്റി പരാമർശിക്കുന്നുണ്ട്. അത് സംശയാതീതമാംവണ്ണം യേശുവിനെപ്പറ്റി സ്പഷ്ടമാക്കുന്നു. യഹൂദന്മാരെപ്പറ്റി എഴുതുന്ന ഇരുപതു വാല്യങ്ങളുള്ള ഈ ഗ്രന്ഥത്തിൽ പീലാത്തോസിൻെറ കല്പനയാൽ ക്രിസ്തുവിൻെറ ക്രൂശുമരണം നടന്നതായി പ്രതിപാദിക്കുന്നുണ്ട്.

**3. ലൂസിയൻ:** എ.ഡി. 100-ാം ആണ്ടിൽ ജീവിച്ചിരുന്ന പ്രസിദ്ധ ഗ്രീക്കു ചരിത്രകാരനാണ് ഇദ്ദേഹം. എപ്പിക്യൂറിയ മതക്കാരനായ ഇദ്ദേഹം മശിഹായുടെ മരണത്തെക്കുറിച്ചും ക്രിസ്ത്യാ

നികളെക്കുറിച്ചും എഴുതിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും ക്രിസ്തുവിനുവേണ്ടി മരിക്കുന്നതിനുള്ള അവരുടെ സന്നദ്ധതയും അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിഞ്ഞില്ല. സ്വർഗ്ഗത്തിനുവേണ്ടിയുള്ള ക്രിസ്ത്യാനികളുടെ പ്രത്യാശയും ആത്മാവിന്റെ നിത്യതയെക്കുറിച്ചുള്ള അവരുടെ വിശ്വാസത്തെയും അദ്ദേഹം തന്റെ എഴുത്തുകളിൽ അപഹാസ്യപ്പെടുത്തുന്നുണ്ട്. താല്ക്കാലിക ജീവിതത്തിനു സ്ഥാനം കൊടുക്കാതെ മരണശേഷമുള്ള ജീവിതത്തിനായി കാത്തിരിക്കുന്ന ഈ ജനവിഭാഗത്തെ വഞ്ചിതരായിട്ടാണ് അദ്ദേഹം കണക്കാക്കിയത്. ക്രിസ്തുവിനെക്കുറിച്ച് അദ്ദേഹം എഴുതിയിട്ടുള്ളതിൽവെച്ചേറ്റവും പ്രസക്തമായ സൂചന ഇപ്രകാരമാണ്. ലോകത്തിൽ ഒരു പുതിയ മതം കൊണ്ടുവന്നു എന്ന കാരണത്താൽ പലസ്തീനിൽ വച്ചു ക്രൂശിതനായ ആ മഹാ മനുഷ്യനെ ക്രിസ്ത്യാനികൾ ഇന്നുവരെയും ആരാധിച്ചുവരുന്നു.

## *7. റോമാ ഗവർണ്ണറായിരുന്ന പീലാത്തോസിന്റെ സാക്ഷ്യം*

ക്രിസ്തുവിന്റെ ക്രൂശീകരണം, ഖബറടക്കം, ഉയിർത്തെഴുന്നേല്പ് എന്നിവയെ പരാമർശിക്കുന്ന വിശദമായ രേഖ റോമാ ഗവർണ്ണറായിരുന്ന പീലാത്തോസ് റോമാ ചക്രവർത്തിയായിരുന്ന തിബ്ബര്യാസ് സീസറിന് അയച്ചിരുന്നു. ക്രൂശീകരണത്തിന്റെ നിഷേധിക്കാനാവാത്ത തെളിവുകളിലൊന്നായി റോമൻ ചരിത്ര ശേഖരണങ്ങളിൽ ഈ റിപ്പോർട്ടിനു സ്ഥാനമുണ്ട്. ക്രൂശികരണത്തെ ഖണ്ഡിക്കുന്നവർക്കെതിരായി പ്രസിദ്ധ പണ്ഡിതനായ തെർത്തുല്യൻ എടുത്തു കാട്ടുന്ന പ്രധാന തെളിവുകളിലൊന്നാണ് പ്രസ്തുത ചരിത്രരേഖ.

## *8. ക്രൂശ് എന്ന അടയാളം*

ഇത് വസ്തുനിഷ്ടവും അനിഷേധ്യവുമായ ഒരു തെളിവാണ്. ഓരോ മതക്കാർക്കും അവരുടെ മതത്തെ തിരിച്ചറിയിക്കുന്ന അടയാളങ്ങൾ ഉണ്ട്. യെഹൂദന്മാർക്ക് ആറുമുനയുള്ള നക്ഷത്രവും മുസ്ലീങ്ങൾക്ക് ഉദയ ചന്ദ്രനും ഉള്ളതുപോലെ ക്രിസ്തുമാർഗ്ഗ ആരംഭകാലം മുതൽക്കേ ക്രൂശിന്റെ അടയാളം നിലവി



ലുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ ക്രിസ്ത്യാനികൾ അവരുടെ കബർസ്ഥാൻകളിലും പീഢനകാലങ്ങളിൽ ഒരുമിച്ചു കൂടാറുള്ള സങ്കേതസ്ഥാനങ്ങളിലും കുരിശു കൊത്തിവെയ്ക്കുക പതിവായിരുന്നു.

## *9. ക്രിസ്തീയ പിൻതുടർച്ചയുടെയും കാലത്തിന്റെയും സാക്ഷ്യം*

ക്രിസ്തുവിന്റെ ക്രൂശുമരണത്തെ സാക്ഷിക്കുന്നതും ഇന്നും ക്രിസ്ത്യാനികളുടെ ഇടയിൽ ആചരിച്ചുവരുന്നതുമായ ചരിത്ര യാഥാർത്ഥ്യമാണ് ക്രിസ്തു സ്ഥാപിച്ച തിരുവത്താഴം എന്ന വിശുദ്ധ കർമ്മം. നിശ്ചയമായും ഈ വിശുദ്ധ കർമ്മം ക്രിസ്തുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ തന്റെ ശിഷ്യന്മാരോടു ചെയ്തുപോരുന്നതിനായി ആജ്ഞാപിച്ചതും അവന്റെ പാപമോചന മരണത്തെ എന്നും ഓർപ്പിക്കുന്നതും ആർക്കും നിഷേധിക്കാൻ കഴിയാത്ത ശക്തമായ ഒരു തെളിവുമാകുന്നു. ഈ ദിവ്യ കർമ്മം അപ്പൊസ്തലന്മാർ പാലിച്ചു വരുന്നു. സഭയുടെ ആരംഭം മുതൽക്കുതന്നെ ഇതു നിലവിൽ വന്നു. 'ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്ക് ഏൽപ്പിക്കയും ചെയ്തത് എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചുകൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രം ചെയ്തു നുറുക്കി: ഇതു നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അവ്വണ്ണംതന്നെ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോൾ ഒക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു' (1 കൊരി. 11 : 23-26).

## *10. യെഹൂദ തൽമൂദിന്റെ സാക്ഷ്യം*

'തൽമൂദ്' യെഹൂദന്മാർക്ക് ഒരു വിശുദ്ധ ഗ്രന്ഥമാണെന്നു പ്രസിദ്ധമത്രെ. ഇതു വലിയ വാല്യങ്ങളായി ക്രോഡീകരിക്കപ്പെട്ടി

ട്ടുണ്ട്. താൽപ്പര്യമുള്ളവർക്ക് ഇതു പരിശോധിക്കാവുന്നതാണ്. 1943 ൽ ആസ്റ്റർഡാമിൽ പ്രസിദ്ധീകരിച്ച പതിപ്പിലെ 42 -ാം പുറത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: 'യേശു പെസഹാ യുടെ തലേന്നാളാണ് ക്രൂശിക്കപ്പെട്ടത്. അവൻ ഒരു മാന്ത്രികനാ യിരുന്നതിനാലും യിസ്രായേല്യരെ വശീകരിച്ചു വഴിപിഴപ്പിക്കു വാൻ ഉദ്ദേശിക്കുന്നതിനാലും അവനെ വധിക്കുമെന്നു ഞങ്ങൾ നാൽപ്പതു ദിവസത്തോളം താക്കീതു ചെയ്തതാണ്. അവനു പിന്തുണ നൽകാൻ ഉദ്ദേശിക്കുന്നവരോട് അങ്ങനെ ചെയ്യുവാൻ ആജ്ഞാപിച്ചിരുന്നു. ആരും മുമ്പോട്ടു വരാഞ്ഞതുകൊണ്ട് പെസഹായുടെ വൈകുന്നേരം അദ്ദേഹത്തെ ക്രൂശിച്ചു. ആരെ ങ്കിലും അവനു പിന്തുണ നല്കിയോ? അവൻ തിന്മയെ ഇളക്കി വിടുന്ന ഒരാളായിരുന്നില്ലേ? ഇതു പ്രവാചകന്മാരാൽ അരുളി ച്ചെയ്തതും ആകുന്നു. 'നിന്നെ വശീകരിപ്പാൻ നോക്കിയാൽ അവനോടു യോജിക്കയോ അവൻെറ വാക്കു കേൾക്കയോ ചെയ്യരുത്. അവനോടു കനിവു തോന്നുകയോ അവനോട് ക്ഷമിച്ച് അവനെ ഒളിപ്പിക്കുകയോ ചെയ്യാതെ അവനെ കൊന്നു കളയണം' (ആവ. 13 : 9).

* * * * *



3

# ക്രിസ്തു എന്തിനു ക്രൂശിക്കപ്പെട്ടു

ഈ ചോദ്യം നാം പലപ്പോഴും കേൾക്കാറുള്ളതാണ്, പ്ര ത്യേകിച്ചും ഈ കാലങ്ങളിൽ. ക്രിസ്തീയ വിശ്വാസ പ്രമാണ ത്തിൽ ഇതിന് വ്യക്തമായ ഒരു ഉത്തരം ഉണ്ട്. 'അവൻ മനു ഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി, പരിശുദ്ധാത്മാവിനാൽ കന്യകമറിയമിൽ ഉൽ പ്പാദിപ്പിക്കപ്പെട്ടു മനുഷ്യനായി അവതരിച്ചു പൊന്തിയോസ് പി ലോത്തോസിൻെറ കീഴിൽ നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ടു. കഷ്ടമനുഭവിച്ച്, അടക്കംചെയ്യപ്പെട്ട്, മൂന്നാംദിവസം തിരു വെഴുത്തുകളിൻപ്രകാരം ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗാരോഹണം ചെയ്തു.'

ക്രിസ്തുവിൻെറ ക്രൂശിലെ പാപപരിഹാര മരണത്തിൻെറ ആവശ്യകതയെക്കുറിക്കുന്ന ഏതാനും ചില തെളിവുകൾ താ ഴെക്കുറിക്കുന്നു.

### *1. രക്ഷയുടെ ആവശ്യം*

എല്ലാ മനുഷ്യർക്കും രക്ഷ ആവശ്യമാണെന്നതിൽ സം ശയമില്ല. കാരണം എല്ലാ മനുഷ്യഹൃദയത്തിലും പാപം കാണ പ്പെടുന്നു. 'ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു' (റോമ. 3 : 23). യെശയ്യാപ്രവാചകൻ പറഞ്ഞു, 'നാം എല്ലാവരും ആടുകളെപ്പോ ലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തരും താന്താൻെറ വഴി ക്കു തിരിഞ്ഞിരുന്നു, എന്നാൽ യഹോവ നമ്മുടെ എല്ലാവരു ടെയും അകൃത്യം അവൻെറമേൽ ചുമത്തി' (യെശ. 53 : 6). വി ശുദ്ധ യോഹന്നാൻ വിവരിക്കുന്നു. 'നമുക്ക് പാപം ഇല്ല എന്നു

നാം പറയുന്നുവെങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു; സത്യം നമ്മിൽ ഇല്ലാതായി. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നുവെങ്കിൽ അവൻ നമ്മോട് പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. നാം പാപം ചെയ്തിട്ടില്ലാ എന്നു പറയുന്നുവെങ്കിൽ അവനെ അസത്യവാദിയാക്കുന്നു. അവൻെറ വചനം നമ്മിൽ ഇല്ലാതെയായി' (യോഹ. 1 : 8-10).

ചെയ്തുപോയ പാപത്തിൻെറ പരിഹാരത്തിന് പശ്ചാത്താപം മതിയായതല്ലെന്ന ബോധം എല്ലാ മനുഷ്യഹൃദയത്തിലും ഉണ്ട്. പാപമോചനം ലഭ്യമാകുന്നതിന് കൂടുതൽ ഫലപ്രദമായ ഒരു മുഖാന്തരം ഉണ്ടാകേണ്ടിയിരിക്കുന്നു, അഥവാ പാപപരിഹാര യാഗം തന്നെ സംഭവിക്കണം. ലോകത്തിലെ മുഖ്യ മതങ്ങളിലെല്ലാം തന്നെ ബലിയെക്കുറിച്ചുള്ള പരാമർശം ഉണ്ട്. അല്ലാത്തപക്ഷം കാലാരംഭം മുതൽ നിലനിന്നുപോരുന്ന ബലിയെ വിശദീകരിക്കാനാവില്ല. ഇതല്ലേ പാപിയുടെ ഹൃദയത്തിൽ പാപമോചനം പ്രാപിക്കുന്നതിനുള്ള വാഞ്ച ഉടലെടുക്കുന്നതിൻെറ രഹസ്യം.

### *2. യുക്തിപരമായ തെളിവ്*

ദൈവം പരിശുദ്ധനാണെന്നും മനുഷ്യരെല്ലാം പാപികളാണെന്നും നാം അറിയുന്നു. പാപം ദൈവനാമത്തെ ദുഷിപ്പിക്കുന്നെന്നും ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ നശിപ്പിക്കുന്നെന്നും ഏവരും സമ്മതിക്കും. അതുകൊണ്ട് മനുഷ്യൻ ദൈവത്തിൻെറ ന്യായവിധിക്ക് അർഹനാണ്. പാപിയെ ശിക്ഷിക്കാതെ ദൈവത്തിനു നീതിമാനായിരിക്കാൻ കഴിയുകയില്ല. കേവലം പശ്ചാത്താപം നീതീകരണത്തെ കൈവരുത്തുകയില്ല. അനുസരണത്തിലേക്കുള്ള തിരിച്ചുവരവുമാത്രമാണത്. കഴിഞ്ഞുപോയ പാപത്തെ നീക്കിക്കളയാൻ ഇതൊന്നും പര്യാപ്തമല്ല. കേവലം പശ്ചാത്താപംകൊണ്ടു മാത്രം ദൈവത്തിൻെറ നീതിയും മഹത്വവും വിശുദ്ധിയും തൃപ്തിയടയുകയില്ല.

### *3. ക്രിസ്തുവിൻെറ പാപപരിഹാരയാഗം ന്യായപ്രമാണത്തിൻെറ ആവശ്യം നിറവേറ്റുന്നു*

'പാപത്തിൻെറ ശമ്പളം മരണമത്രെ' എന്നു ന്യായപ്രമാണം അനുശാസിക്കുന്നു. പാപിയെ ശിക്ഷിക്കുകതന്നെ വേണ



മെന്നു സാരം. ശിക്ഷ വിധിക്കാത്ത 'ശരിഅത്ത്' (നിയമം) കുറ്റമറ്റതായിരിക്കയില്ല. ചുരുക്കത്തിൽ ദൈവിക പ്രമാണം അനുശാസിക്കുന്നത് ഒന്നുകിൽ പാപി ശിക്ഷിക്കപ്പെടണം, അല്ലെങ്കിൽ ഒരു പാപപരിഹാരമാർഗ്ഗം വേണം. ഇവിടെയാണ് നമ്മുടെ നാവ് നന്ദിയുടെ സ്തുതിഗീതങ്ങളാൽ നിറയപ്പെടേണ്ടത്. കാരണം മശിഹാ നമുക്കുവേണ്ടി ഈ പാപപരിഹാരയാഗമായി തന്നെത്തന്നെ അർപ്പിച്ചു. അതിനാൽ മശിഹായെ സ്വന്തം രക്ഷകനായി സ്വീകരിക്കുന്ന ഏവനും അവൻെറ നാമത്തിൽ പാപമോചനം ലഭിക്കുന്നു. മനുഷ്യവർഗ്ഗത്തിനുള്ള ഏക അനുഗ്രഹം മശിഹാ എല്ലാവരുടെയും പാപത്തിൻ വേണ്ടിയാണ് പ്രാശ്ചിത്ത ബലിയായ്ത്തീർന്നത് എന്നതത്രെ മിശിഹ തനിക്കുവേണ്ടി അല്ല മരിച്ചത് എന്ന് ആർക്കും പറയാനാവില്ല. പ്രവാചകനായ യെശയ്യാവ് പറഞ്ഞത് എത്ര അത്ഭുതകരം.
'അതുകൊണ്ട് ഞാൻ അവന്ന് മഹാന്മാരോടുകൂടെ ഓഹരികൊടുക്കും; ബലവാന്മാരോടുകൂടെ അവൻ കൊള്ളപങ്കിടും; അവൻ തൻെറ പ്രാണനെ മരണത്തിനൊഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കുവേണ്ടി ഇടനിന്നും കൊണ്ട് അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്യുകയാൽതന്നെ' (യെശ. 53 : 12). വിശുദ്ധ പൗലോസ് ഇപ്രകാരം പറയുന്നു. 'പുത്രൻ എങ്കിലും താൻ അനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ചു തികഞ്ഞവനായി തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിത്തീർന്നു' എബ്രാ. 5 : 8,9).

### *4. പാപപരിഹാരയാഗം മനുഷ്യൻെറ ധാർമ്മികാവശ്യത്തെ നിറവേറ്റുന്നു*

നീതിയുടെയും പരിശുദ്ധിയുടെയും ഔന്നത്യത്തെ വിലമതിക്കുന്ന ഒരു ധാർമ്മിക ഹൃദയവും മനസ്സാക്ഷിയും ഓരോ മനുഷ്യനും ഉണ്ട് എന്നതു ശരിതന്നെ. എന്നാൽ സ്വന്തം തെറ്റുകളെക്കുറിച്ചുള്ള കുറ്റബോധത്തിൽനിന്ന് മോചനം ലഭിക്കാതിരിക്കുന്ന മനുഷ്യൻ ആത്മികമായി പീഡിപ്പിക്കപ്പെടുന്നു. അവൻെറ ധാർമ്മികബോധത്തിനു ഇളക്കം തട്ടുന്നു.

മനുഷ്യൻ പാപത്തിൽ വീഴുമ്പോഴും അവൻെറ മനസ്സാ

ക്ഷി നശിക്കുന്നില്ല എന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അതുകൊണ്ട് തെറ്റും ശരിയും വിവേചിക്കാം. ധാർമ്മിക ബോധം അവനിൽ അവശേഷിക്കുന്നുണ്ട്. തന്മൂലം ശിക്ഷയോ പ്രതിഫലമോ ഏതാണു ലഭിക്കേണ്ടതെന്നു തീരുമാനിക്കാനും ആവുന്നു.

ഈ ബോധം നമ്മുടെ ഹൃദയത്തിലെ ദൈവ ശബ്ദത്തിൻെറ പ്രതിധ്വനിയാണെന്ന് കരുതാം. അത് സീനായി പർവ്വതത്തിൽ വെച്ചു കൊടുക്കപ്പെട്ട ന്യായപ്രമാണത്തിന് പ്രതികർമ്മമായി പ്രവർത്തിക്കുന്നതിന് പൂർണ്ണമായും യോജിച്ചതുമാകുന്നു. എന്നാൽ ഈ ധാർമ്മികബോധം അഥവാ മനസ്സാക്ഷി പ്രാധാന്യമർഹിക്കുന്നതാണെങ്കിലും അതിന് മനുഷ്യനെ ന്യായവിധിയിൽ നിന്ന് വിടുവിപ്പാൻ കഴിയുകയില്ല.

അത് പാപത്തിലേക്കുള്ള മനുഷ്യൻെറ ചായ്‌വിനെ എതിർത്തെന്നും വരാം എന്നാൽ അതിന് അവനെ നീതീകരിക്കാൻ കഴിയുന്നില്ല. ന്യായപ്രമാണം നല്ലതാണെന്ന് അത് വിശ്വസിക്കുന്നു. എന്നാൽ ന്യായപ്രമാണത്തിനും അവനെ നീതീകരിപ്പാൻ കഴിയുന്നില്ല. വിശുദ്ധ പൗലോസിൻെറ ഭാഷയിൽ പറഞ്ഞാൽ ന്യായപ്രമാണം നമ്മെ യേശുക്രിസ്തുവിങ്കലേക്ക് നയിക്കുകയാണ്.

അതുകൊണ്ട് മനഃസാക്ഷിയുടെ ശബ്ദമോ അഥവാ പാപത്തെക്കുറിച്ചുള്ള ബോധമോ നമ്മുടെ പാപങ്ങൾക്കു പരിഹാരമേകുവാൻ പരിശുദ്ധനും നീതിമാനുമായ ഒരു മദ്ധ്യസ്ഥനെ ആവശ്യപ്പെടുന്നു; യാഥാർത്ഥ്യം ഇതാണെങ്കിലും മിക്കവരും സൽക്കർമ്മങ്ങൾ ദൈവത്തിൻെറ കരുണയ്ക്ക് സദൃശമാണെന്നു കരുതി സ്വയം നീതീകരണത്തിലൂടെ സൽക്കർമ്മങ്ങൾ പ്രവർത്തിച്ചുകൊണ്ട് മനഃസാക്ഷിയുടെ പ്രശ്നം പരിഹരിക്കുവാൻ വൃഥാ ശ്രമിക്കുകയാണ്.

### *5. പാപപരിഹാരത്തിന് ദൈവത്തിൻെറ പദ്ധതി*

പാപപരിഹാരം അത്യാവശ്യമായതല്ലെങ്കിൽ ദൈവം അത് ആസൂത്രണം ചെയ്യുമായിരുന്നില്ല. മശിഹായുടെ വാക്കുകൾ തന്നെ ഇതിന് സാക്ഷ്യം വഹിക്കുന്നു. 'മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തൻെറ



ജീവനെ മറുവിലയായി കൊടുക്കുവാനും അത്രെ വന്നത്' (മർക്കൊ. 10 : 4,5).

'തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു' (യോഹ. 3:16).

'ഏക സത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നതുതന്നെ നിത്യജീവൻ ആകുന്നു' (യോഹ. 17 : 3).

'ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു: ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ എത്തുന്നില്ല' (യോഹ. 14 : 16).

'വിശുദ്ധ പൗലോസ് ഗലാത്യർക്ക് എഴുതിയ ലേഖനത്തിൽ 'എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തൻെറ പുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനായി നിയോഗിച്ചത് അവൻ ന്യായപ്രമാണത്തിൽ കീഴുള്ളവരെ വിലയ്ക്കു വാങ്ങിയിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നെ' (ഗലാ. 4 : 4,5).

ഈ മഹത്വപൂർണ്ണമായ വചനങ്ങൾ നമ്മെ കാണിക്കുന്നത് കരുണാസമ്പൂർണ്ണനായ അല്ലാഹു തൻെറ അത്ഭുതകരമായ സ്നേഹത്താൽ മനുഷ്യനെ സ്നേഹിച്ചു എന്നുള്ളതാകുന്നു. കരുണ നിറഞ്ഞുകവിയുന്ന ഈ സ്നേഹം ക്രിസ്തുവായി അവതാരം ചെയ്തു. ക്രൂശിൽ താൻ നിവർത്തിച്ച ആ പാപപരിഹാര ബലി മുഖാന്തരം താൻ അതിനെ വെളിപ്പെടുത്തി. ദൈവം നീതിമാനും പരിശുദ്ധനും, അതോടൊപ്പം സ്നേഹവാനും കൂടി ആകുന്നു എന്ന് എല്ലാവരും അറിയേണ്ടതിനത്രെ ഇത്. വീണ്ടെടുപ്പ് പാപിയുടെ മനസ്സാക്ഷിയെ സ്നേഹത്താൽ ഉണർത്തുന്നു. ഈ വലിയ സ്നേഹമാണ് അവനെ ക്രൂശിനോട് ബന്ധിക്കുന്നത്. ഇപ്രകാരമല്ലാതെ ദൈവത്തിന് തൻെറ സ്നേഹം തെളിയിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് ക്രിസ്തു പറഞ്ഞത് 'ഞാനോ ഭൂമിയിൽനിന്ന് ഉയർത്തപ്പെട്ടാൽ എല്ലാവരെയും എങ്കലേയ്ക്ക് ആകർഷിപ്പിക്കും.'

പ്രിയ വായനക്കാരാ, വിവിധ ശബ്ദങ്ങൾ നിറഞ്ഞ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. 'പുതിയ യുഗം ഇതാ, ഇതനുസരിച്ച് പ്രവർത്തിക്കൂ! പുതിയ സാഹോദര്യമിതാ, ഇതു സ്വീകരിക്കൂ! ഞങ്ങൾ സഹായഹസ്തം നീട്ടുന്നു' ഇത്തരം പൊള്ളയായ ആഹ്വാനങ്ങളുടെ നടുവിലാണ് നാം ജീവിക്കുന്നത്. എന്നാൽ ക്രൂശിതനായ ക്രിസ്തുവിനെ തള്ളിക്കൊണ്ടുള്ള ഈ ആഹ്വാനം വ്യർത്ഥമാണ്. കുരിശുകൂടാതെയുള്ള പുതിയ വ്യവസ്ഥിതി തോൽവി അടയും. പുതിയ സാഹോദര്യം അസത്യമായി ഭവിക്കും. സഹായഹസ്തം ആയുധമേന്തിയ കൈകളായി പരിണമിക്കും.

യവനന്മാർക്കും പൂർവ്വകാലത്തെ യഹൂദന്മാർക്കും ക്രൂശിന്റെ വചനം ഭോഷത്വവും നിസ്സാരവും ദുർബല ചിന്തയും ഒരു തടങ്കൽ പാറയും ആയിരുന്നതുപോലെയാണ് നമ്മുടെ ഇന്നത്തെ തലമുറയും. അവരുടെ ഈ പിഴച്ച ധാരണയിൽ 'ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ' കണ്ടെത്താൻ അവർ മറന്നുപോയി. ജ്ഞാനത്തിന്റെ ഈ വചനവും അവർ മറന്നുപോയി. 'നീതി ജാതിയെ ഉയർത്തുന്നു. പാപമോ വംശങ്ങൾക്ക് അപമാനം' (സദൃശവാക്യങ്ങൾ 14 : 34).

അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരേ, എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും' (മത്താ. 11 : 28).

കൂടുതൽ വിവരങ്ങൾക്ക് ഞങ്ങൾക്ക് എഴുതുക:-

P.B. No. 45
Kayamkulam - 690 502
Kerala
PH: 0479 - 2444286